സെന്റ് ജോസഫ് ഹൈസ്കൂൾ

പുലിക്കുരുമ്പ

സ്കൂൾ കോഡ്- 13053

# ഇ –മാഗസിൻ

## ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

## പുലിക്കുരുമ്പ

# LITTLE KITES

## DIGITAL MAGAZINE

## 2018

little KITEs

St. Joseph High School, Pulikurumba

## ആശംസ,

പഠനവും പഠനത്തോടൊപ്പം  കമ്പ്യൂട്ടർ പഠനവും വളരെ നല്ലതാണ്

ലിറ്റിൽ കൈറ്റ്സ്  യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കുട്ടികൾ തയാറാക്കിയ ഇ- മാഗസിൻ  അവരുടെ മലയാള ഭാഷാ രീതിയിലുള്ള  കമ്പ്യൂട്ടിങ്ങ് പരിജ്ഞാനത്തിന്  മികച്ച ഉദാഹരണമാണ്. ഇനിയും കൂടുതൽ പ്രവർത്തനങ്ങൾ കൂടുതൽ ഉണ്ടാകട്ടെ എന്നാശംസിക്കുന്നു.

സ്കൂൾ മാനേജർ

***നോബിൾ ഓണംകുളം***

## ആശംസ,

ലിറ്റിൽ കൈറ്റ്സ്  യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കുട്ടികൾ തയാറാക്കിയ ഇ- മാഗസിൻ  അവരുടെ മലയാള ഭാഷാ രീതിയിലുള്ള  കമ്പ്യൂട്ടിങ്ങ് പരിജ്ഞാനത്തിന്  മികച്ച ഉദാഹരണമാണ്. ഇനിയും കൂടുതൽ പ്രവർത്തനങ്ങൾ കൂടുതൽ ഉണ്ടാകട്ടെ എന്നാശംസിക്കുന്നു.

പ്രധാനാധ്യാപിക

***ഉഷാജോൺ***

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : ഉഷാ ജോൺ

സബ്. എഡിറ്റേഴ്സ് : > സബിൻ സാജു

> അയന. എ. ഇ

എഡിറ്റേഴ്സ് : > ജോമോൾ. പി. ജെ

> ബെഞ്ചമിൻ മാത്യു

> സ്നേഹ സജി

> ബെൻ സെബാസ്റ്റ്യൻ

> *അജ്വൽ തോമസ്*

*സാങ്കേതിക സഹായം*

*ആന്റോച്ചൻ ജോസഫ്*

*വിജി മാത്യൂ*



BY

TINTU THERESA

## Table of Contents


ആമുഖം....4
ഹെഡ്മാസ്റ്റർ & സ്റ്റാഫ്....5
സ്കൂൾ പി.ടി.എ....5
പഠന നിലവാരം....6
പാഠ്യേതര പ്രവർത്തനങ്ങൾ....7
മെറിറ്റ് ഡേ. വിദ്യാരംഗം കലാസാഹിത്യവേദി ഉദ്ഘാടനം....10
സ്കൂൾ പാർലമെന്റ്....10
i EDSS പരിശീലനം....11
പഠനയാത്ര....11
രചനാ ശകലങ്ങൾ....12


# ആമുഖം

പുലിക്കുരുമ്പയുടെ അഭിമാന സ്തംഭമായി നിലക്കൊള്ളുന്ന സെന്റ് ജോസഫ്സ് ഹൈസ്കൂളിന്റെ 36ാം വാർഷിക റിപ്പോർട്ട് ഈ യോഗ സമക്ഷം സമർപ്പിക്കുവാൻ സാധിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. യശ്ശ:ശരീരനായ റവ.ഫാ.ജോസഫ് കൊട്ടുകാപ്പള്ളിയുടെ

നേതൃത്വത്തിൽ 1983 ൽ ആരംഭിച്ച ഈ സ്ഥാപനം ഇന്ന് തലശ്ശേരി അതിരൂപതാ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്നു. ബഹു.കോർപ്പറേറ്റ് മാനേജർ റവ.ഫാ.ജെയിംസ് ചെല്ലങ്കോട്ടിന്റെയും അസി.മാനേജർ റവ.ഫാ.മാത്യു ശാസ്താംപടവിലിന്റെയും സാരഥ്യത്തിൽ ഈ സ്കൂളിന്റെ പ്രവർത്തനങ്ങൾ സജീവമായി മുന്നോട്ട് പോകുന്നുഅതോടൊപ്പംതന്നെനമ്മുടെമാനേജർറവ.ഫ.നോബിൾഓണങ്കുളത്തിന്റെമാർഗ്ഗനിർദ്ദേശങ്ങളും  പ്രോത്സാഹനവും പിന്തുണയും  ഈ സ്കൂളിന്റെ പ്രവർത്തന പുരോഗതിയിൽ മുഖ്യ പങ്കു വഹിക്കുന്നു. കുട്ടികളുടെ വ്യക്തിവികസനം, സ്വഭാവ രൂപികരണം, ആത്മീയ വളർച്ച, മികച്ച വിജയം എന്നിവക്ക് അതീവ പ്രാധാന്യം നൽകി കൊണ്ടുള്ള വിദ്യഭ്യാസ പ്രവർത്തനമാണ് ഇവിടെ നടക്കുന്നത്. മാനേജ്മെന്റിന്റെയും ജീവനക്കാരുടെയും രക്ഷിതാക്കളുടേയും കുട്ടികളുടെയും കൂട്ടായ്മയാണ് ഈ വിദ്യാലയത്തിന്റെ പുരോഗതിയുടെ അടിസ്ഥാനം.

## ഹെഡ്മാസ്റ്റർ & സ്റ്റാഫ്

ഹെഡ്മാസ്റ്റർ ഉൾപ്പടെ 11 അധ്യാപകരും 4 അനദ്ധ്യാപകരും ഇവിടെ സേവനം അനുഷ്ഠിക്കുന്നു. ഹെഡ്മാസ്റ്ററായിരുന്ന ശ്രീ ജോയി തോമസ് മേരിഗിരി ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പളായി സ്ഥാനക്കയറ്റം ലഭിച്ച് പോയതിനാൽ ഈ സ്കൂളിലെ തന്നെ ഗണിതധ്യാപിക ശ്രീമതി  ഉഷ ജോൺ 2018 മെയ് 1 ന ഈ സ്കൂളിന്റെ പ്രധാനാദ്ധ്യാപികായായി ചുമതലയേറ്റു. കഴിഞ്ഞ വർഷം സിസ്റ്റർ  മേരി.ടി.സി സർവീസിൽ നിന്ന് വിരമിക്കുകയും ശ്രീമതി ബീന ജോസ് തൽസ്ഥാനത്തേക്ക് നിയമിതയാകുകയും ചെയ്തു. ശ്രീമതി മിനി.പി. കുരുവിള

ചെമ്പംതൊട്ടി സെന്റ് ജോർജ് ഹൈസ്കൂളിലേക്ക് സ്ഥലം മാറി പോവുകയും പകരം ശ്രീമതി ഷീജ മൈക്കിൾ ചുമതലയേൽക്കുകയും, ശ്രീമതി ഉഷാ ജോണിന്റെ ഒഴിവിൽ സിസ്റ്റർ ലാലിക്കുട്ടി.എം.സി നിയമിതയാവുകയും ചെയ്തു.

## സ്കൂൾ പി.ടി.എ

വിദ്യാർത്ഥികളുടെ കായികവും ബൗദ്ധികവും, ആത്മിയവുമായ പുരോഗതിക്ക് ഊന്നൽ കൊടുത്ത് കൊണ്ടുള്ള പി.ടി.എ യുടെ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. 2018 ജൂൺ 19 ന് ചേർന്ന പി.ടി.എ പൊതുയോഗത്തിൽ വെച്ച് 22 അംഗ പി.ടി.എ എക്സിക്യൂട്ടീവ് കമ്മറ്റി രൂപികരിച്ചു. ശ്രീ.ജോസ് കുന്നേൽ പി.ടി.എ പ്രസിഡന്റ് ആയും ശ്രീമതി സ്മിത തെക്കെമുറി മദർ പി.ടി.എ പ്രസിഡന്റ ആയും തിരഞ്ഞെടുക്കപ്പെട്ടു.സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും ആഘോഷപരിപാടികളിലും പി.ടി.എ യുടെ നിർലോഭമായസഹകരണം ലഭിക്കുന്നുണ്ട്. രണ്ട് മാസത്തിലൊരിക്കൽ ക്ലാസ്സ് പി.ടി.എ ചേർന്ന് കുട്ടികളുടെ പഠന കാര്യങ്ങൾ ചർച്ച ചെയ്യുന്നു.

## പഠന നിലവാരം

8,9,10 ക്ലാസ്സുകളിലായി 182 കുട്ടികൾ പഠിക്കുന്നു. സ്കൂളിന്റെ ആരംഭം മുതൽ ഇന്നു വരെ മികച്ച വിജയം കൊയ്യെടുക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. 2018 മാർച്ചിൽ പരീക്ഷയെഴുതിയ 73 കുട്ടികളിൽ 73 പേരും ജയിച്ചു. 9 കുട്ടികൾ മുഴുവൻ വിഷയത്തിനും A+ നേടി. ഈ വർഷം 69 കുട്ടികൾ SSLC പരീക്ഷ എഴുതാൻ തയ്യാറെടുക്കുന്നു. SSLC കുട്ടികൾക്കുള്ള പ്രത്യേക പരിശീലനത്തിന്റെ ഭാഗമായി മെയ്മാസത്തിൽ വെക്കേഷൻ ക്ലാസ്സുകൾ, ജൂൺ രണ്ടാമത്തെ

ആഴ്ച മുതൽ മോണിംഗ് ക്ലാസ്സുകൾ, ഓഗസ്റ്റ് മാസം മുതൽ ഈവനിംഗ് ക്ലാസ്സുകൾ, എല്ലാ മാസവും അച്ചടിച്ച ചോദ്യക്കടലാസ് ഉപയോഗിച്ച് യൂണിറ്റ് ടെസ്റ്റുകൾ ഇവ നടത്തുന്നുണ്ട്. ജനുവരി മാസം ആദ്യം മുതൽ കുട്ടികളെ അക്കാദമിക നിലവാരത്തിന്റെ അടിസ്ഥാനത്തിൽ വിവിധ ഗ്രൂപ്പുകളായ് തിരിച്ച് പരമാവധി ഗ്രേഡിൽ എത്തിക്കാനുള്ള തീവ്ര പരിശീലനം നൽകുന്നു കുട്ടികളുടെഭവനസന്ദർശനംനടത്തുകയുംമെന്ററിംഗ്സംവിധാനത്തിലൂടെഅവരെപ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.മുകുളം, നവപ്രഭ, ശ്രദ്ധ, മലയാളത്തിളക്കം തുടങ്ങി പദ്ധതികളും, ഹൈടെക്ക് ക്ലാസ്സ്റൂം, കമ്പ്യൂട്ടർ ലാബ്, സയൻസ് ലാബ്, ലൈബ്രറി എന്നിവയുടെ ഫലപ്രദമായ ഉപയോഗവും മികച്ച വിദ്യാഭ്യാസം നൽകുന്നതിൽ സഹായിക്കുന്നു. ക്ലാസിൽ പൊതുവിൽ ലൈബ്രറി പുസ്തകങ്ങൾ നൽകുന്നതിനു പുറമേ ഏതു ദിവസവും ഇടവേളകളിൽ ഇഷ്ടമുള്ള പുസ്തകം തിരഞ്ഞെടുക്കാനുള്ള അവസരവും കുട്ടികൾക്ക് നൽകുന്നുണ്ട്. അവരുടെ വായന കുറിപ്പ് അധ്യാപകർ വിലയിരുത്തുന്നുണ്ട്. ഉഷാദേവി ടീച്ചറാണ് ഇതിന് നേതൃത്വം നൽകുന്നത്. പുസ്തകം പരിചയപ്പെടുത്തൽ, ആപ്തവാക്യം, പത്രവായന, ലഘുപ്രഭാഷണം ഇവ ഉൾപ്പെടുത്തി മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ കുട്ടികൾ നടത്തുന്ന അസംബ്ലി അവരുടെ വ്യക്തിത്വ വികസനത്തിന് ഏറെ പ്രയോജനകരമാണ്. വിവിധ ഏജൻസികൾ നടത്തുന്ന പ്രസംഗ മത്സരങ്ങൾ , ക്വിസ് മത്സരങ്ങൾ പൊതു വിജ്ഞാന പരീക്ഷകൾ ഇവയിൽ കുട്ടികൾ പങ്കെടുക്കുകയും സമ്മാനങ്ങൾ നേടുകയും ചെയ്യുന്നു.

## പാഠ്യേതര പ്രവർത്തനങ്ങൾ

കുട്ടികളുടെ വ്യക്തിത്വ വികസനം,

സ്വഭാവരൂപീകരണം ഇവ ലക്ഷ്യമാക്കി  വിവിധ സംഘടനങ്ങളും ക്ലബ്ബുകളും പ്രവർത്തിച്ച് വരുന്നു. ജൂനിയർ റെഡ്ക്രോസ്, സ്കൗട്ട്, ഗൈഡ്സ്, സോഷ്യൽ സർവ്വീസ് ലീഗ്, ലിറ്റിൽ കൈറ്റ്സ്,  ആന്റിഡ്രഗ്സ് സ്റ്റുഡന്റ്സ് യൂണിയൻ, ദീപിക ചിൽഡ്രൻസ് ലീഗ്,വിദ്യാരംഗം കലാസാഹിത്യവേദി, ഹിന്ദി ക്ലബ്ബ്, പാർലമെന്ററി ക്ലബ്ബ്എന്നിവസജീവമായിപ്രവർത്തിച്ചുവരുന്ന .ആരോഗ്യംഅഭിവൃദ്ധിപ്പെടുത്തൽ, സാമൂഹ്യസേവനം, അന്താരാഷ്ട്രസൗഹൃദം സമ്പുഷ്ടമാക്കൽ, എന്നിവ ലക്ഷ്യമാക്കി ബീന ടീച്ചറിന്റെ നേതൃത്ത്വിൽ ജൂനിയർ റെഡ് ക്രോസ് പ്രവർത്തിക്കുന്നു.വ്യക്തിത്വ വളർച്ചയിലൂടെ സാമൂഹിക പുരോഗതി കൈവരുത്തുക എന്ന ലക്ഷ്യത്തോടെ മേഴ്സി സിസ്റ്ററിന്റെയും ഷീജ ടീച്ചറിന്റെയും നേതൃത്വത്തിൽ സ്കൂളിൽ ഗൈഡ്സ് യൂണിറ്റ് പ്രവർത്തിക്കുന്നു. ഈ വർഷം 13 ഗൈഡ്സ് കുട്ടികൾ രാജ്യപുരസ്കാർ നേടി. ഇതേ ലക്ഷ്യത്തോടെ ആന്റോ സാറിന്റെയും ബീന ടീച്ചറുടെയും നേതൃത്വത്തിൽ സ്കൗട്ട് യൂണിറ്റും പ്രവർത്തിക്കുന്നു. ഈ വർഷം 7 സ്കൗട്ടുകൾ രാജ്യപുരസ്കാർ നേടി.

സോഷ്യൽ സർവ്വീസ് ലീഗിന്റെ ആഭിമുഖ്യത്തിൽ സാമ്പത്തിക വിഷമം അനുഭവിക്കുന്ന കുട്ടികൾക്ക് യൂണിഫോമും മറ്റു പഠനോപകരണങ്ങളും നല്കി വരുന്നു.ഇതിന്ഉദാരമതികളുടെയും സംഘടനകളുടെയും സാമ്പത്തിക സഹായ സഹകരണങ്ങൾ ലഭിക്കുന്നുവെന്ന കാര്യം നന്ദിയോടെഓർമ്മിക്കുന്ന.ഈവർഷംപതിനയ്യായിരത്തിലധികംരൂപയുടെപഠനോപകരണങ്ങളും മറ്റും കുട്ടികൾക്ക് നൽകി. ശ്രീമതി തങ്കമ്മ  ജോസഫ്, ശ്രീമതി വിജി മാത്യു എന്നിവർ ഈ വർഷം സംഘടനക്ക് നേതൃത്വം നൽകുന്നു. കുട്ടികളിൽ

ലഹരി വിരുദ്ധ മനോഭാവം വളർത്തിയെടുക്കാൻ സിസ്റ്റർ ലാലിക്കുട്ടി ജോസിന്റെ നേതൃത്വത്തിൽ ADSU പ്രവർത്തിക്കുന്നു. A D S U-വിന്റെ അതിരൂപതാ ഭാരവാഹികളായ ആൽബിൻ ജോസഫ്, ഡയാന ടോം എന്നിവർ ഈ സ്കൂളിലെ വിദ്യാർത്ഥികളാണ്. ശ്രീ. ആന്റോച്ചൻ ജോസഫിന്റെയും ശ്രീമതി അമലാ മേരിയുടെയും നേതൃത്വത്തിൽ നല്ല പാഠം ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ സജീവമായി നടക്കുന്നു. നിർധനരേയും രോഗികളെയും സഹായിക്കാൻ ക്ലബ്ബ് അംഗങ്ങൾ താല്പര്യപൂർവ്വം പ്രവർത്തിക്കുന്നു. വൃത്തിയുള്ളതും പ്ലാസ്റ്റിക് മുക്തവും ഹരിതാഭവുമായ ഒരു പ്ലാസ്റ്റിക്ക് ക്യാമ്പസ് ഒരുക്കാൻ ക്ലബ്ബ് അംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നു.

സ്കൂൾ ഇക്കോക്ലബ്ബിന്റെ നേതൃത്വത്തിൽ ക്യാമ്പസിൽ തന്നെ മനോഹരമായ ഒരുപച്ചക്കറിത്തോട്ടംപരിപാലിക്കുന്ന.മാനേജ്മെന്റ്,പിടിഎ,അധ്യാപകർ, അനധ്യാപകർ ,കുട്ടികൾഎന്നിവരുടെസഹകരണത്തിലുംപരിപാലനയിലും ഉള്ള പച്ചക്കറിത്തോട്ടം ഏവരുടെയും ശ്രദ്ധ പിടിച്ചുപറ്റി. വിഷമയമില്ലാത്ത ശുദ്ധമായ ജൈവ പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുകയും കുട്ടികൾക്ക് തന്നെ വിപണനം നടത്തുകയും ചെയ്യുന്നു. പ്രളയദുരിതത്തിന്റെ പശ്ചാത്തലത്തിൽ ഈ വർഷം ഓണാഘോഷം വേണ്ട എന്നു തീരുമാനിച്ചു. അധ്യാപകദിനത്തിൽ കുട്ടികൾക്ക് മധുരം നൽകി.മാനേജ്മെന്റ് യു.പി സ്കൂളിലെയും ഹൈസ്കൂളിലെയും ജീവനക്കാർക്ക് സ്നേഹവിരുന്ന്നൽകി.വിദ്യാരംഗം കലാസാഹിത്യവേദി, ഇക്കോ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, മാത്തമാറ്റിക്ക്സ് ക്ലബ്ബ്, ഹിന്ദി ക്ലബ്ബ്, IT ക്ലബ്ബ്, സോഷ്യൽ

സയൻസ് ക്ലബ്ബ്, ഇംഗ്ലീഷ് ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ദിനാചാരണങ്ങൾ നടത്തി. അനുബന്ധമായി ക്വിസ് മത്സരങ്ങൾ, പ്രസംഗം, ഉപന്യാസരചന, ചിത്രരചന, പോസ്റ്റർ, കോളാഷ് നിർമ്മാണം, ഓട്ടൻതുള്ളൽ, ഔഷധസസ്യപ്രദർഷനം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി സമ്മാനങ്ങൾ വിതരണം ചെയ്തു. വിവിധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ കൈയ്യെഴുത്ത് മാസികകൾ പ്രകാശനം ചെയ്തു.

കുട്ടികളിൽ സമ്പാദ്യശീലം വളർത്തുന്നതിന് സ്കൂൾ സഞ്ചയിക നിക്ഷേപ പദ്ധതി വളരെ നല്ല രീതിയിൽ പ്രവർത്തിച്ച് വരുന്നു. സ്കൂളിലെ ഭൂരിഭാഗം കുട്ടികളും പദ്ധതിയിൽ അംഗങ്ങളാണ്. ഈ വർഷം 91363 രൂപ  സഞ്ചയികയിൽ നീക്കിയിരിപ്പുണ്ട്. ശ്രീ പീറ്റർ ആഗസ്റ്റിൻ പദ്ധതിക്ക് നേതൃത്വം നൽകുന്നു.ക്രിസ്തുമസ്സും പുതുവത്സരവും പ്രമാണിച്ച് എല്ലാ ക്ലാസ്സിലും കേക്ക് മുറിച്ച് ശാന്തിയുടേയും സമാധാനത്തിന്റെയും സന്ദേശം പങ്കുവെച്ചു. കരോൾ ഗാന മത്സരവും ക്രിസ്തുമസ്സ് പാപ്പാ മത്സരവും ഉണ്ടായിരുന്നു. പുലിക്കുരുമ്പ ടൗണിലേക്ക് കരോൾ റാലിയും നടത്തി. മാനേജർ റവ. ഫാ. നോബിൾ ഓണങ്കുളം പരിപാടി ഉദ്ഘാടനം ചെയ്തു. കലാ കായിക മത്സരങ്ങളിൽ കുട്ടികൾ മികച്ച നിലവാരം പുലർത്തുന്നു. സ്കൂൾതല കലോത്സവം റവ.ഫാ.നോബിൾ ഓണങ്കുളം ഉദ്ഘാടനം ചെയ്തു. ഉപജില്ല, ജില്ലാ കായിക വേളയിലും ഉപജില്ല കലോത്സങ്ങളിലും കുട്ടികൾ സമ്മാനങ്ങളും ഗ്രേഡുകളും കരസ്ഥമാക്കി. കായിക മത്സരങ്ങൾക്ക് പരിശീലനം നൽകിയ ജോബിൻ സാറിനെയും കലാമത്സരങ്ങൾക്ക്നേതൃത്വംകൊടുത്തവിജിടീച്ചറെയുംമത്സര ങ്ങളിൽമികവ്തെളിയിച്ചവിദ്യാർത്ഥികളെയുംപ്രത്യേകം അഭിനന്ദിക്കുന്നു.

## മെറിറ്റ് ഡേ- വിദ്യാരംഗം കലാസാഹിത്യവേദി ഉദ്ഘാടനം

2018 ജൂൺ 19 ന് സ്കൂൾ മാനേജർ റവ.ഫാ. നോബിൾ ഓണംകുളം അച്ചന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നടുവിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ബിന്ദു ബാലൻ വിദ്യാരംഗം കലാസാഹിത്യ വേദിയുടെയും നടുവിൽ ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർ പേഴ്സൺ ശ്രീമതി ത്രേസ്യാമ്മ ജോസഫ് പാഠ്യേതര പ്രവർത്തനങ്ങളുടെയും ഉദ്ഘാടനം നിർവഹിച്ചു. ഉന്നത വിജയം നേടിയവർക്കുള്ള എൻഡോവ്മെന്റുകൾ ഈ യോഗത്തിൽ വെച്ച് വിതരണം ചെയ്തു.

## സ്കൂൾ പാർലമെന്റ്

ജനാധിപത്യ പ്രക്രിയയെക്കുറിച്ച് കുട്ടികളിൽ അവബോധം വളർത്തുന്നതിന്റെ ഭാഗമായി സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് നടത്തി. മാസ്റ്റർ ജസ്റ്റിൻ സജി സ്കൂൾ ലീഡറായും കുമാരി എൽസിൻ മരിയ. വി ചെയർമാനായും തെരഞ്ഞെടുക്കപ്പെട്ടു.

**സെമിനാറുകൾ**

ജൂലൈ 13 ന് മിസ്റ്റർ ആഗസ്റ്റിൻ നെല്ലംകുഴിയുടെ നേതൃത്വത്തിൽ രക്ഷിതാക്കൾക്കും കുട്ടികൾക്കുമായി സൈബർ ബോധവൽക്കരണ ക്ലാസും ഡോക്യുമെന്ററിയും നടത്തി. ആഗസ്റ്റ് 4 ന് 10ാം ക്ലാസിലെ കുട്ടികൾ ലൈഫ് ഗൈഡൻസ് ക്ലാസ് നടത്തി. കൂടാതെ നവംബർ 17 ന് ബ്രദർ ജോജോ 10 ാം ക്ലാസിലെ കുട്ടികൾക്ക് ഒരു ദിവസത്തെ ക്ലാസ് നൽകി. ഇത്തരം ക്ലാസുകളും സെമിനാറുകളും കുട്ടികൾക്ക് അവരുടെ ജീവിതവും പഠനവും കൂടുതൽ ചിട്ടയോടെ ക്രമീകരിക്കുന്നതിന് സഹായകമായി.

## i EDSS പരിശീലനം

പഠന വൈകല്യമുള്ള കുട്ടികളെ കണ്ടെത്തി പ്രത്യേക പരിഗണനയും പ്രോത്സാഹനവും നൽകുന്നതിനായി DIET ന്റെ ആഭിമുഖ്യത്തിൽ ശ്രീമതി ഷീബ. കെ യുടെ സേവനം ആഴ്ചയിൽ രണ്ട് ദിവസം ലഭിക്കുന്നു. കുട്ടികളുടെ പാഠ്യ പാഠ്യേതര കഴിവുകൾ കണ്ടെത്തി അവ പ്രോത്സാഹിപ്പിക്കുന്നതിൽ ടീച്ചർ പ്രത്യേകം ശ്രദ്ധിക്കുന്നു.

## പഠനയാത്ര

നവംബർ മാസത്തിൽ ശ്രീ ജോബിൻ ലൂക്കോസ്, ശ്രീ ആന്റോച്ചൻ ജോസഫ് എന്നിവരുടെ നേതൃത്വത്തിൽ പത്താം ക്ലാസിലെ കുട്ടികളെ പങ്കെടുപ്പിച്ച് എറണാകുളത്തേക്ക് പഠനയാത്ര നടത്തി.വരും നാളുകളിലും സ്കൂളിലെ പ്രവർത്തനങ്ങൾ ഏറ്റവും ഭംഗിയായി മുന്നോട്ട് പോകാനുള്ള പ്രാർത്ഥനയോടെ ഈ റിപ്പോർട്ട് യോഗ സമക്ഷം സമർപ്പിക്കുന്നു.

രചനാ ശകലങ്ങൾ

**THE YOUNG MINDS OF FUTURE**

**SPECIALITY OF BLUE**

**THE COLOUR WHICH IS SEEN THE SKY AND THE SEA.**




## *നഷ്ടസ്വപ്നങ്ങൾ*

**വീണ്ടും പൊലിയുന്നിതാ**
**നഷ്ടസ്വപ്നങ്ങൾ**
**വീണ്ടും പൊലിയുന്നിതാ**
**സ്നേഹനൊമ്പരങ്ങൾ**

**എന്തിനാണീ മദ്യം**
**എന്തിനാണീ ലഹരി**
**എന്തിനാണീ ജീവിതം**
**മെന്നോർക്കണം മനുഷ്യർ**

**ജീവിതമെന്നറിതാതെ**

കൊച്ചുപൈതങ്ങൾ
ലഹരികൾക്കുള്ളിൽ
ഗാഢമായി പ്രണയത്തിലാണ്ടു

വൃദ്ധരെന്നില്ല യുവാക്കളെന്നില്ല
എന്തിന് കൊച്ചുകുട്ടികൾ
പോലും മദ്യത്തിനടിമയായി
മയക്കുമരിന്നിനടിമയായി

ലഹരിയെന്ന മഹാ വിപത്തുമൂലം
ലോകത്തിലെ സ്നേഹബന്ധങ്ങൾ
പോലും അസ്ത്തമിച്ചു പൊയി
ചുടുചോരകൾ വീണൊഴുകുന്നു

അജ്വൽ തോമസ്
9A

# THE MASK

*I searched for a new face,*
*fortunately failed.*
*Living in the midst of unreal faces*
*I continued to search,*
*fortunately failed.*

*Face ones reflected the mind,*
*Vividly... Incessantly..*
*With joy and pain humour and bitterness.*
*And with a thousand thoughts.*

*The mirror broke out..*
*The veil replaced it*
*Face the untold story remained hidden forever*

*Fake smiles fake cries*
*I am haunted by those fake emotions.*
*I continued to search.*
*Finally I found..*
*The face wearing the same Mask!!!*

*AJWAL THOMS*
*9A*

# QUIZ

1. ആൻഡമാൻ നിക്കോബാർ ദ്വീപ് ഏത് കടലിൽ ആണ്?

- ബംഗാൾ ഉൾക്കടൽ

2. ഇന്ത്യയിലെ ഏറ്റവും വലിയ കേന്ദ്രഭരണപ്രദേശം ഏത്?

- ആൻഡമാൻ നിക്കോബാർ ദ്വീപ്

3. ഇന്ത്യയിലെ ചെറിയ കേന്ദ്രഭരണപ്രദേശം ഏത്?

- ലക്ഷദ്വീപ്

4. ഇന്ത്യയിലെ ചെറിയ കേന്ദ്രഭരണപ്രദേശമായ ലക്ഷദ്വീപ് ഏത് സമുദ്രത്തിൽ ആണ്?

- അറബിക്കടൽ

5. ഭാരതീയ പ്രവാസി ദിനം ഏത് ദേശീയ നേതാവുമായി ബന്ധപ്പെട്ടിരിക്കുന്നു?

- മഹാത്മാഗാന്ധി

6. 'ദ സൈലന്റ് സ്പ്രിങ്ങ്' എന്ന പുസതകം എഴുതിയത് ആര്?

- റേച്ചൽ കഴ്സൺ

7. ഇന്ത്യയിലെ ഹൈക്കോടതികളുടെ എണ്ണം എത്ര?

- 24

8. ദ്രവ്യത്തിന്റെ നാലാമത്തെ അവസ്ഥ ഏത് ?

- പ്ലാസ്മ

9. ഒരു ഗ്രാമത്തിന്റെ പേരിൽ അറിയപ്പെടുന്ന നൃത്തരൂപ

Alphonsa Thomas
9A

## ശാസ്ത്രകഥ

## തറവാട്

സോഡിയം ക്ലോറൈഡ് ഒരു യാത്രക്ക് ഒരുങ്ങി. ബാഗുമെടുത്തു ബസ്സ് സ്റ്റോപ്പിലേക്ക് ! അതാ കറക്ട് സമയം !ആൽക്കലി ജംഗ്ഷൻ വഴിയുള്ള ബസ്സ് വരുന്നു. ബസ്സിൽ കയറി തിരക്കിൽ ഒരു സീറ്റിൽ സ്വസ്ഥമായി ഇരുന്നു. തൊട്ടടുത്ത ബസ്സ് സ്റ്റോപ്പിൽ ആളുകൾ കയറുന്നതും ഇറങ്ങുന്നതും കണ്ടു. ഓ! അതാ മഗ്നീഷ്യം ഓക്സൈഡ് കയറുന്നു
സ്കൂളിൽ പഠിക്കുന്ന കാലത്തു കണ്ടു പരിചയം ഉണ്ട് മാത്രമല്ല അയൽ പക്കവും. അവൻ തന്റെ തൊട്ടടുത്തുള്ള സീറ്റിൽ തന്നെ ആയിരുന്നു. “ഹലോ താങ്കൾ എങ്ങോട്ടാണ് ? ”
“ആൽക്കലൈൻ തറവാട്ടിലേക്ക് ”. “ശരി ” !

"എന്തൊക്കെയുണ്ട് വിശേഷങ്ങൾ ?" അവർ പല വിശേഷങ്ങളും പങ്ക് വച്ചു . "നമ്മുക്ക് ഒരേ സ്റ്റോപ്പിലാണോ ഇറങ്ങേണ്ടത് ? " മഗ്നീഷ്യം ഓക്സൈഡ് ചോദിച്ചു . കറക്ട് ! സോഡിയം ക്ലോറൈഡ് മറുപടി പറഞ്ഞു.

ഇരുവരും ആൽക്കലി ജംഗ്ഷനിൽ ഇറങ്ങി . സോഡിയം ക്ലോറൈഡ് ആൽക്കലി ലോഹ തറവാട്ടിലേക്കും മഗ്നീഷ്യം ഓക്സൈഡ് ആൽക്കലൈൻ തറവാട്ടിലേക്കും യാത്ര തിരിക്കാൻ
തുടങ്ങി.

CHRISTEENA

9B

# ഉറൂബ്(പി.സി. കുട്ടികൃഷ്ണൻ)

(1915 -1979)

മലപ്പുറം ജില്ലയിലെ
പൊന്നാനിയിൽ ജനനം.
കേരള സാഹിത്യ അക്കാദമി
അധ്യക്ഷനായിരുന്നു.കേന്ദ്ര-കേരള സാഹിത്യ
അക്കാദമി അവാർഡുകൾ ലഭിച്ചു.
ഉമ്മാച്ചു,അമ്മിണി,സുന്ദരികളും സുന്ദരന്മാരും
,അണിയറ,മൗലവിയും

ചങ്ങാതിമാരും,ഗോപാലൻനായരുടെ താടി,രാച്ചിയമ്മ,തുടങ്ങിയവ പ്രധാന കൃതികൾ.

CHRISTEENA
9A

# മുറി ബീഡി

പ്രേമമായിരുന്ന നിന്നോടെനിക്ക്
ഒരിക്കലും പേരിട്ടുവിളിക്കാൻ
പറ്റാത്തൊരു വികാരം
പലരുടെയും പക്കൽ നിന്റെ
അടയാളം ഞാൻ തിരിച്ചറിഞ്ഞു
പീടികത്തിണ്ണയിൽ പട്ടിണിക്കാരന്റെ
തലയണക്കടിയിൽ
തൊഴിലാളി നേതാവിന്റെ
ചെവിക്കരികിൽ
പ്രണയം തകർന്നവന്റെ
ചുണ്ടിൻമേൽ
നിന്റെ അടയാളം മാത്രം
അതിനു മാത്രം ഇത്ര വലിയവനാണോ
നീ

ഒന്നറിയാം...............

ആര്യ രാജൻ

9A

# ഗാന്ധി മാർഗം

ഒക്ടോബർ 2 ഗാന്ധിജിയുടെ ജന്മദിനം രാജ്യാന്തര അഹിംസാദിനം കൂടിയാണ്. ഗാന്ധിജയന്തി " ഇങ്ങനെയൊരു മഹാൻ രക്തവും മാംസവുമുള്ള മനുഷ്യനായി
ഭൂമിയിൽ നടന്നിരുന്നുവെന്ന് വരും തലമുറ വിശ്വസിക്കുമോ എന്ന് സംശയമാണ് " ആൽബർട്ട് ഐൻസ്റ്റീൻ ഗാന്ധിജിയെ
ക്കുറിച്ച് പറഞ്ഞ വാക്കുകളാണ് ഇത് .

ഗാന്ധിജി ജീവിച്ചിരിക്കുമ്പോൾ തന്നെയാണ് ഐൻസ്റ്റീൻ ഇങ്ങനെ പറഞ്ഞത് "എന്റെ ജീവിതം ആണ് എന്റെ സന്ദേശം " എന്ന പ്ര്യഖ്യാപനമാണ് ഗാന്ധിജിയുടെ ജീവിതം ലോക ചരിത്റത്തിൽ അപൂർവമാണ്.
ഗാന്ധിജി ഇന്ന് നമ്മോടൊപ്പം ഇല്ല. പക്ഷേ ആ മഹാന്റെ ജീവിതം ലോകമെങ്ങും സ്വാധീനിച്ചു . ചിന്തയും വാക്കും പ്റവർത്തിയും ഇത്രമാത്രം ഇണങ്ങിച്ചേർന്ന മറ്റൊരു മഹാല്നെ ഈ കാലത്തിനിടയിൽ നമുക്ക് മുന്നിലൂടെ കടന്ന്പോയിട്ടില്ല. അദ്ദേഹം പരിചയപ്പെടുത്തിയ സത്യാഗ്രഹം എന്നസമരായുധം തോക്കിനേക്കാളും

ബോംബിനേക്കാളും ശക്തമായി പൊട്ടിത്തെറിക്കുന്നത്
ലോകം കണ്ടു .ഗാന്ധിജിയുടെ ജന്മദിനം ലോക അഹിംസാ
ദിനമായി ആചരിക്കുന്നു .

## ഇന്ത്യൻ സ്വാതന്ത്ര്യസമരം

ദേശീയത്ത്വത്തിന്റെ വളർച്ചയാണ് ഇന്ത്യയുടെ
സ്വാതന്ത്ര്യ
സമ്പാദനത്തിന്റെ പിന്നിൽ പ്രവർത്തിച്ചത് . 19 -ാം
നൂറ്റാണ്ടിൽ ഇന്ത്യയിൽ ദേശീയബോധം ഉടലെടുത്തു.
അതിന്
കാരണം ബ്രിട്ടീഷ് ഭരണം ആയിരുന്നു . ആ ഭരണ
വർഗ്ഗത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുകയാണ് ബ്രിട്ടീഷ്
ഭരണം ചെയ്തത്. ഇന്ത്യൻ ജനതയിൽ അമർഷമുണ്ടാക്കി.
ബ്രിട്ടീഷ് സാമ്രാജ്യത്വം ഇന്ത്യൻ സമൂഹത്തിന്റെ
സ്വാഭാവിക
വളർച്ചയെ തടസ്സപ്പെടുത്തി . രാഷ് ട്രീയധികാരത്തിൽ
പങ്കിനു വേണ്ടിയാണ് ദേശീയപ്രസ്ഥാനം
ആരംഭിച്ചതെങ്കിലും
പിന്നീടതിന്റെ ലക്ഷ്യം പൂർണ്ണ സ്വാതന്ത്ര്യമായി മാറി.
രാഷ് ട്രീയ സ്വാതന്ത്ര്യത്തിനുള്ള സമരത്തോടൊപ്പം
സാമൂഹ്യ
നീതിയുടെയും ജനാധിപത്യത്തിന്റെയും അടിസ്ഥാനത്തിൽ
ഇന്ത്യൻ സമൂഹത്തെ പുന;സംവിധാനം ചെയ്യാനുള്ള
ശ്രമവും നടന്നു .

ഏറ്റവും പ്രധാനപ്പെട്ട കലാപം 1857
ലെതായിരുന്നു. ബ്രിട്ടീഷ് സൈന്യത്തിൽപ്പെട്ട ഇന്ത്യൻ
ശിപ്പായിമാർ 1857 മെയ് 10 ാം തിയതി മീററ്റിൽ കലാപം
ആരംഭിച്ചു . ബ്രിട്ടീഷുകാരുടെ ഭരണം ആരംഭിച്ചതുമുതൽ

വളർന്നുവന്ന എതിർപ്പിന്റെ ഫലമായിരുന്നു അതെങ്കിലും
പെട്ടെന്നു കലാപമുണ്ടാകാൻ കാരണം . ഒരു പുതിയ തരം
തോക്കിന്റെ ഉണ്ട ഉപയോഗിക്കാൻ ശിപ്പായിമാരെ
നിർബ-
ന്ധിച്ചതായിരുന്നു. 1857 ലെ കലാപത്തിനു ശേഷം
ഇന്ത്യയുടെ ഭരണം കമ്പനിയുടെ കൈകളിൽ നിന്ന്
ബ്രിട്ടീഷ്
കിരീടം ഏറ്റെടുത്തു .

യുദ്ധത്തിന്റെ അവസാനത്തിൽ
ദേശീയ
പ്രസ്ഥാനം ഒരു ബഹുജന പ്രസ്ഥാനമായി മാറി . പല
ഘട്ടങ്ങളും ഇതിനെ സഹായിച്ചു . ഗാന്ധിജി ദേശീയ
പ്രസ്ഥാനത്തിന്റെ നേതാവായി വന്നതായിരുന്നു ഒരു
കാരണം.
എല്ലാ തരത്തിലും പെട്ട ജനവിഭാഗങ്ങളിലും ഇത്
ആത്മവിശ്വാസവും ധൈര്യവും പകർന്നു. ഒരു
സന്ന്യാസിയെപ്പോലുള്ള ജീവിതം നയിച്ച അദ്ദേഹം
ജനങ്ങൾക്ക് മനസിലാകുന്ന ഭാഷയിൽ അവരോട്
സംസാരിച്ചു.

ആര്യ രാജൻ, അപർണ്ണ
വിജയൻ

9B

# ബാല്യകാലം

എത്രസുന്ദമീബാല്യം
കൊച്ചകടാങ്ങൾ തൻ
ബാല്യം
അമ്മതൻ മാറത്ത്
പറ്റിക്കിടന്നൊരാ
സ്വേപം നകർന്നിടും പൂമ്പാറ്റകൾ
എന്നെന്നുമോർത്തൊരാനന്ദം
പകരുമീ മുത്തശ്ശി തൻ കഥകൾ
സ്നേഹം പകർന്നൊരാ സൗഹൃദം
പുൽകിടും സർഗസൗന്ദര്യമീ ബാല്യം
അനന്തമാകുമീ വിഹായസ്സിൽ
നൂൽപൊട്ടിയൊരു പട്ടങ്ങൾ
കൊച്ചുസ്വപ്നങ്ങൾ മൊട്ടിട്ടുണരുമീ





മനോഹരുദ്യാനമീ ബാല്യം
നേട്ടങ്ങൾ കൊയ്തുകൊയ്താ
ബാല്യം പൊയ്മറയുമ്പോൾ
വെറുതെ കൊതിച്ചുപോകുന്നു
ഇനിയും തിരികെ ലഭിക്കുമോ ഈ ബാല്യം

അയന.എ.ഇ

IX.A

# ആൻഡ്രോയ്ഡ് വാച്ചുകൾ



ശരീരത്തിൽ ധരിച്ച് കൊണ്ട് നടക്കാവുന്ന കമ്പ്യൂട്ടറുകൾ പ്രചാരത്തിൽ വന്ന് കഴിഞ്ഞു.



ആൻഡ്രോയ്ഡ് പ്രവർത്തക സംവിധാനത്തിന്റെ പുതിയ രൂപമാണ് ഇതിൽ ഉപയോഗിക്കുന്നത്. ആൻഡ്രോയ്ഡ് 4.3 ശേഷമുള്ള പതിപ്പുകളുമായ് സംയോജിപ്പിച്ച് പ്രവർത്തിപ്പിക്കാവുന്ന സംവിധാനം രൂപപ്പെടുത്തിയിരിക്കുന്നത്. ആൻഡ്രോയ്ഡ് വിയർ എന്നാണ് ഈ പ്രവർത്തക സംവിധാനം അറിയപ്പെടുന്നത്.

# മലയാള ചെറുകഥ

'വിദ്യാവിനോദിനി' മാസികയിൽ 1891-ൽ (1066 കുംഭം) പ്രസിദ്ധീകരിച്ച വാസനാ വികൃതിയാണ് മലയാളത്തിലെ ആദ്യത്തെ ചെറുകഥ. പത്രപ്രവർത്തകനായിരുന്ന കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാരാണ് വാസനാ വികൃതി രചിച്ചത്. കഥാകൃത്തിന്റെ പേരു വയ്ക്കാതെയാണ് ഈ ചെറുകഥ പ്രസിദ്ധീകരിച്ചത്. സി. എസ്. ഗോപാലപ്പണിക്കർ, മൂർക്കോത്തു കുമാരൻ, ഒട്ടുവിൽ കുഞ്ഞികൃഷ്ണമേനോൻ, അമ്പാടി നാരായണപ്പുതുവാൾ, എം. ആർ. കെ. സി., കെ. സുകുമാരൻ, ഇ. വി. കൃഷ്ണപിള്ള എന്നിവരായിരുന്നു പ്രമുഖരായ ആദ്യകാല കഥാകൃത്തുക്കൾ.

ഒന്നാം ഘട്ടം

പത്രമാസികകളുടെ പ്രചാരമാണ് ചെറുകഥയ്ക്ക് വായനക്കാരെ സൃഷ്ടിച്ചത്. ഈ അന്തരീക്ഷം ഒട്ടേറെ എഴുത്തുകാരെ ചെറുകഥയിലേക്ക് ആകർഷിച്ചു. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ശീവൊള്ളി നാരായണൻ നമ്പൂതിരി, പന്തളം കേരളവർമ്മ, സി. പി. അച്യുതമേനോൻ, അപ്പൻ തമ്പുരാൻ, സി. വി. കുഞ്ഞുരാമൻ, കാരാട്ട് അച്യുതമേനോൻ, തേലപ്പുറത്ത് നാരായണൻ നമ്പി, ചിത്രമെഴുത്ത് കെ. എം. വർഗീസ്, എം.

രത്നം, എൻ. എം. ദാസ്, ഇ. ഐ. പങ്ങിയച്ചൻ, കണ്ണന്ത്ര കുഞ്ഞുണ്ണിനായർ, സി. ശങ്കരവാരിയർ, പി. ജി. രാമയ്യർ, അമ്പാടി കാർത്ത്യായനി അമ്മ, വി. പാർവതിയമ്മ, ടി. സി. കല്യാണിയമ്മ തുടങ്ങി ഒട്ടേറെ എഴുത്തുകാർ ആദ്യകാലത്ത് ചെറുകഥകളെഴുതിയിരുന്നു. ഈ ആദ്യഘട്ടത്തിന്റെ ഒടുവിൽ രംഗത്തു വന്ന കഥാകൃത്തുക്കളാണ് കെ. പി. കേശവമേനോൻ, ചേലനാട്ട് അച്യുതമേനോൻ, കെ. എൻ. എഴുത്തച്ഛൻ, എസ്. രാമാവാരിയർ, സി. എ. കിട്ടുണ്ണി, പാവുണ്ണി തൈക്കാട്, വിളാവട്ടത്ത് ശങ്കരപ്പിള്ള, കെ. എസ്. മണി തുടങ്ങിയവർ.

രണ്ടാം ഘട്ടം

1925 മുതൽ ചെറുകഥയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നു. വ്യക്തമായ സാമൂഹിക വീക്ഷണത്തോടുകൂടി എഴുതിയ ചെറുകഥകളുടെ ഘട്ടമാണത്. വി. ടി. ഭട്ടതിരിപ്പാട്, മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരി, എം. ആർ. ബി തുടങ്ങിയവരുടെ കഥകളാണ് ഇതിനുദാഹരണം. 1920-കൾ മുതൽ ലോകകഥയെ പരിചയപ്പെടുത്തിയും ചെറുകഥയുടെ സൗന്ദര്യശാസ്ത്രപരമായ പ്രശ്നങ്ങൾ ചർച്ച ചെയ്തും നിരൂപകനായ കേസരി ബാലകൃഷ്ണപിള്ള പുതിയൊരു സാഹിത്യാവബോധം മലയാളത്തിൽ സൃഷ്ടിച്ചു. ചെറുകഥയിലും നോവലിലും പരിവർത്തനം കൊണ്ടുവരാൻ ചെറിയ സഹായമല്ല കേസരി ചെയ്തത്. ഒട്ടേറെ യൂറോപ്യൻ ചെറുകഥകൾ വിവർത്തനം ചെയ്തും കേസരി മാതൃക കാണിച്ചു. ജീവൽസാഹിത്യ പ്രസ്ഥനവും പുരോഗമന സാഹിത്യപ്രസ്ഥാനവും സാഹിത്യത്തിന് പുതിയ ലക്ഷ്യബോധം പകരുകയും ചെയ്തു. ഈ പരിവർത്തന ദശയിൽ ഉയർന്നു വന്ന അഞ്ചു കഥാകൃത്തുക്കൾ മലയാള കഥയുടെ സുവർണ്ണയുഗത്തിന്റെ സ്രഷ്ടാക്കളായി മാറി. എസ്. കെ. പൊറ്റക്കാട്ട്, പി. കേശവദേവ്, തകഴി ശിവശങ്കരപ്പിള്ള, വൈക്കം മുഹമ്മദ് ബഷീർ, പൊൻകുന്നം വർക്കി എന്നിവരാണവർ.

സുവർണ്ണകാലം

പൊൻകുന്നം വർക്കി, എസ്. കെ. പൊറ്റക്കാട്ട്, കേശവദേവ്, തകഴി, ബഷീർ എന്നീ അഞ്ചു പേരും ലളിതാംബിക അന്തർജ്ജനം, കാരൂർ നീലകണ്ഠപ്പിള്ള, ഉറൂബ് (പി. സി. കുട്ടികൃഷ്ണൻ), കെ. സരസ്വതിയമ്മ തുടങ്ങിയവരും ചേർന്നാണ് 1930- കൾക്കു ശേഷം മലയാള കഥയിലെ സുവർണ്ണയുഗം സൃഷ്ടിച്ചത്. റിയലിസത്തിന്റെ സന്ദേശമാണ് അവർ ഉയർത്തിയത്. അദ്ഭുതരസവും പരിണാമ ഗുപ്തിയും തൊലിപ്പുറമേയുള്ള ഫലിതവും നിറഞ്ഞ ആദ്യകാല കഥകളിൽ നിന്നുള്ള വമ്പൻ കുതിച്ചു ചാട്ടമാണ് ഈ തലമുറ നിർവഹിച്ചത്.

ദരിദ്രമനുഷ്യരുടെ ജീവിതവും അവർ നേരിടുന്ന ചൂഷണങ്ങളും രാഷ്ട്രീയസമരവും അധികാര വിമർശനവും ഈ കഥാകൃത്തുക്കളുടെ പ്രമേയമായി. വർക്കിയുടെ മന്ത്രിക്കെട്ട്, അന്തോണീ നീയുമച്ചനായോടാ, ശബ്ദിക്കുന്ന കലപ്പ, തകഴിയുടെ വെള്ളപ്പൊക്കത്തിൽ, കേശവദേവിന്റെ ഗുസ്തി, കൂൾഡ്രിങ്ക്, പ്രതിജ്ഞ, ബഷീറിന്റെ നീലവെളിച്ചം, ജന്മദിനം, ടൈഗർ, പൊറ്റക്കാട്ടിന്റെ ഒട്ടകം, ഏഴിലംപാല, കാട്ടുചെമ്പകം, നിശാഗന്ധി, കാരൂരിന്റെ മരപ്പാവകൾ, പൂവമ്പഴം, അരഞ്ഞാണം, ഉതുപ്പാന്റെ കിണർ, മോതിരം, പിശാചിന്റെ കുപ്പായം, അന്തർജനത്തിന്റെ മാണിക്കൻ, പ്രതികാരദേവത, സരസ്വതിയമ്മയുടെ പെൺബുദ്ധി, ചോലമരങ്ങൾ തുടങ്ങിയ എത്രയോ കഥകൾ ആ സുവർണ്ണഘട്ടത്തിന്റെ സ്മാരകങ്ങളായി നിലനിൽക്കുന്നു.

ഒട്ടേറെ പുതിയ എഴുത്തുകാർ 1940-കളിൽ ചെറുകഥാരംഗത്തെ വികസ്വരമാക്കി. പുളിമാന പരമേശ്വരപിള്ള, നാഗവള്ളി ആർ. എസ്. കുറുപ്പ്, വെട്ടൂർ രാമൻ നായർ, പോഞ്ഞിക്കര റാഫി, ടി. കെ.

സി. വടുതല തുടങ്ങിയവർ ഈ കാലഘട്ടത്തിൽ ശ്രദ്ധേയരായിത്തീർന്നു. മുട്ടത്തു വർക്കി, വൈക്കം ചന്ദ്രശേഖരൻ നായർ, ചെറുകാട്, ഐ. കെ. കെ. എം., എം. പരമേശ്വരൻ നായർ, പെരുന്ന തോമസ്, എൻ. ഗോവിന്ദൻകുട്ടി, ടാറ്റാപുരം സുകുമാരൻ, ബി. മാധവമേനോൻ, ഡി. എം. പൊറ്റെക്കാട്ട്, സി. അച്യുതക്കുറുപ്പ്, എസ്. കെ. ആർ. കമ്മത്ത്, ഇ. എം. കോവൂർ, എം. എൻ. ഗോവിന്ദൻ നായർ, വേളൂർ കൃഷ്ണൻ കുട്ടി, പി. കെ. രാജരാജവർമ, ആനന്ദക്കുട്ടൻ, എൻ. പി. ചെല്ലപ്പൻ നായർ, പി. സി. കോരുത്, വി. ടി. നന്ദകുമാർ, സരളാരാമവർമ, എസ്. കെ. മാരാർ തുടങ്ങി ഒട്ടേറെ കഥയെഴുത്തുകാർ 1940 കൾക്കു ശേഷം ഉയർന്നു വന്നവരാണ്.

മൂന്നാം ഘട്ടം

1950-കൾ മുതൽ ചെറുകഥ അന്നുവരെയുള്ളതിൽ നിന്നു വ്യത്യസ്തമായ വഴിയിൽ സഞ്ചരിക്കാൻ തുടങ്ങി. സാഹിത്യരൂപമെന്ന നിലയിൽ ചെറുകഥ ഏകാഗ്രവും സൂക്ഷ്മവുമായ ശില്പമായിത്തീർന്ന ഈ ഘട്ടത്തിലെ കഥകൾ ആന്തരികാനുഭവങ്ങൾക്കും മനോവൃത്തികൾക്കും പ്രാധാന്യം നൽകി. ബിംബ പ്രധാനമായ ആഖ്യാനരീതിയും പ്രാബല്യം നേടി. ഏകാകിയുടെ വേദനകൾ ആവിഷ്കരിക്കുന്ന കഥകളായിരുന്നു ഈ പുതുഭാവുകത്വത്തിലെ ശ്രദ്ധേയമായ രചനകളിൽ പലതും. എം. ടി. വാസുദേവൻ നായരുടെയും ടി. പദ്മനാഭന്റെയും കഥകളാണ് ഈ ഭാവപരിവർത്തനത്തിനു തുടക്കമിട്ടത്. എം. ടി. യുടെ ബന്ധനം, വളർത്തു മൃഗങ്ങൾ, കുട്ട്യേടത്തി, ഇരുട്ടിന്റെ ആത്മാവ്, പള്ളിവാളും കാൽചിലമ്പും, ഓപ്പോള്, വാരിക്കുഴി, സുകൃതം, അജ്ഞാതന്റെ ഉയരാത്ത സ്മാരകം, വാനപ്രസ്ഥം, ഷെർലക് തുടങ്ങിയ കഥകൾ അതിപ്രശസ്തമാണ്. കടയനെല്ലൂരിലെ ഒരു സ്ത്രീ, കാലഭൈരവൻ, പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി, മഖൻസിങ്ങിന്റെ മരണം,

ഭയം, ഹാരിസൺ സായ്‌വിന്റെ നായ, ശേഖൂട്ടി, ഗോട്ടി, ഗൗരി തുടങ്ങിയ ഒട്ടേറെ പ്രശസ്ത കഥകളുടെ കർത്താവാണ് ടി. പദ്മനാഭൻ.

എൻ. പി. മുഹമ്മദ്, കെ. ടി മുഹമ്മദ്, പി. എ. മുഹമ്മദ് കോയ, സി. രാധാകൃഷ്ണൻ, കോവിലൻ, പാറപ്പുറത്ത്, ജി. എൻ. പണിക്കർ, തുളസി, നന്തനാർ, വിനയൻ, ജി. വിവേകാനന്ദൻ, ഉണ്ണികൃഷ്ണൻ പുത്തൂർ തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾകൂടി ചേർന്നതാണ് മൂന്നാംഘട്ടം.

ആധുനികത

ആധുനികതയുടെ കാലമാണ് ചെറുകഥയിലെ നാലാം ഘട്ടം. നഗരകേന്ദ്രിതമായ ആധുനിക സമൂഹത്തിൽ മാനുഷിക മൂല്യങ്ങളും മനുഷ്യസ്ഥിത്വവും നേരിട്ട പ്രതിസന്ധികളും ജീവിതത്തിനുണ്ടായ അന്യവത്കരണവും ഏകാന്തതാബോധവുമൊക്കെയായിരുന്നു ആധുനികരുടെ വിഷയങ്ങൾ. ഒ. വി. വിജയൻ, മാധവിക്കുട്ടി, എം. പി. നാരായണപിള്ള, കാക്കനാടൻ, എം. മുകുന്ദൻ, സേതു, പുനത്തിൽ കുഞ്ഞബ്ദുള്ള, വി. കെ. എൻ., ടി. ആർ., കെ. പി. നിർമൽ കുമാർ, മേതിൽ രാധാകൃഷ്ണൻ, എം. സുകുമാരൻ, പി. കെ. നാണു, യു. പി. ജയരാജ്, സി. ആർ. പരമേശ്വരൻ, സക്കറിയ, സി. വി. ശ്രീരാമൻ, പി. വത്സല, എസ്. വി. വേണുഗോപൻ നായർ, വൈശാഖൻ, മുണ്ടൂർ കൃഷ്ണൻ കുട്ടി, തുടങ്ങിയ ഒട്ടേറെപ്പേരുൾപ്പെടുന്നതാണ് ആധുനികതയുടെ തലമുറ. ഒ. വി. വിജയന്റെ എണ്ണ, അരിമ്പാറ, കടൽത്തീരത്ത്, കാറ്റു പറഞ്ഞ കഥ, മാധവിക്കുട്ടിയുടെ പക്ഷിയുടെ മണം, നാവിക വേഷം ധരിച്ച കുട്ടി, പതുത്തുകൾ, നെയ്പ്പായസം, കാക്കനാടന്റെ ശ്രീചക്രം, നിഷാദസങ്കീർത്തനം, യൂസഫ് സരായിയിലെ വ്യാപാരി, കുഞ്ഞമ്മപ്പാലം, എം. പി. നാരായണപിള്ളയുടെ ജോർജ്ജ്

ആറാമന്റെ കോടതി, മുരുകൻ എന്ന പാമ്പാട്ടി, എം. മുകുന്ദന്റെ രാധ രാധമാത്രം, അഞ്ചര വയസ്സുള്ള കുട്ടി, ദൽഹി 1981 തുടങ്ങിയ കഥകൾ ആധുനിക ചെറുകഥയുടെ മികച്ച മാതൃകകളാണ്.

## ആധുനികതയ്ക്ക് ശേഷം

ആധുനികതയുടെ പ്രഭാവ കാലത്ത് തന്നെ അതിൽ നിന്നു വ്യത്യസ്തമായി എഴുതാൻ ശ്രമിച്ച ഒരുപറ്റം കഥാകൃത്തുക്കൾ രംഗത്തു വന്നു. വി. പി. ശിവകുമാർ, എൻ. എസ്. മാധവൻ, അയ്മനം ജോൺ, യു. കെ. കുമാരൻ, സി. വി. ബാലകൃഷ്ണൻ, സാറാ ജോസഫ്, എൻ. പ്രഭാകരൻ, അഷ്ടമൂർത്തി, ടി. വി. കൊച്ചു ബാവ, വി. ആർ. സുധീഷ്, അക്ബർ കക്കട്ടിൽ, എം. രാജീവ് കുമാർ, മാനസി, ഇ. വി. ശ്രീധരൻ തുടങ്ങിയവരെല്ലാം ഈ തലമുറയിൽ ഉൾപ്പെടുന്നു. വിശാലാർത്ഥത്തിൽ ആധുനികതയുടെ ഭാഗമാണ് ഈ എഴുത്തുകാരും.

## ഉത്തരാധുനികത

1990- കൾ മുതൽ ആവിർഭവിച്ച ഭാവുകത്വത്തെയാണ് ഉത്തരാധുനികതയെന്നു വിശേഷിപ്പിക്കുന്നത്. കഴിഞ്ഞ തലമുറയിൽപ്പെട്ടവരും ഈ പുതുഭാവുകത്വ രീതി സ്വാംശീകരിച്ചു കഴിഞ്ഞിട്ടുണ്ട്. തോമസ് ജോസഫ്, വി. വിനയകുമാർ, അശോകൻ ചരുവിൽ, സുഭാഷ് ചന്ദ്രൻ, സന്തോഷ് ഏച്ചിക്കാനം, ബി. മുരളി, ഉണ്ണി ആർ. തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾ ഉൾപ്പെടുന്നതാണ് ചെറുകഥയുടെ ഈ വർത്തമാനകാല തലമുറ. 'വിദ്യാവിനോദിനി' മാസികയിൽ 1891-ൽ (1066 കുംഭം) പ്രസിദ്ധീകരിച്ച വാസനാ വികൃതിയാണ് മലയാളത്തിലെ ആദ്യത്തെ ചെറുകഥ. പത്രപ്രവർത്തകനായിരുന്ന കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാരാണ് വാസനാ വികൃതി രചിച്ചത്. കഥാകൃത്തിന്റെ പേരു വയ്ക്കാതെയാണ് ഈ ചെറുകഥ പ്രസിദ്ധീകരിച്ചത്. സി. എസ്.

ഗോപാലപ്പണിക്കർ, മൂർക്കോത്തു കുമാരൻ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, അമ്പാടി നാരായണപ്പതുവാൾ, എം. ആർ. കെ. സി., കെ. സുകുമാരൻ, ഇ. വി. കൃഷ്ണപിള്ള എന്നിവരായിരുന്നു പ്രമുഖരായ ആദ്യകാല കഥാകൃത്തുക്കൾ.

ഒന്നാം ഘട്ടം

പത്രമാസികകളുടെ പ്രചാരമാണ് ചെറുകഥയ്ക്ക് വായനക്കാരെ സൃഷ്ടിച്ചത്. ഈ അന്തരീക്ഷം ഒട്ടേറെ എഴുത്തുകാരെ ചെറുകഥയിലേക്ക് ആകർഷിച്ചു. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ശീവൊള്ളി നാരായണൻ നമ്പൂതിരി, പന്തളം കേരളവർമ്മ, സി. പി. അച്യുതമേനോൻ, അപ്പൻ തമ്പുരാൻ, സി. വി. കുഞ്ഞുരാമൻ, കാരാട്ട് അച്യുതമേനോൻ, തേലപ്പുറത്ത് നാരായണൻ നമ്പി, ചിത്രമെഴുത്ത് കെ. എം. വർഗീസ്, എം. രത്നം, എൻ. എം. ദാസ്, ഇ. ഐ. പങ്ങിയച്ചൻ, കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ, സി. ശങ്കരവാരിയർ, പി. ജി. രാമയ്യർ, അമ്പാടി കാർത്ത്യായനി അമ്മ, വി. പാർവതിയമ്മ, ടി. സി. കല്യാണിയമ്മ തുടങ്ങി ഒട്ടേറെ എഴുത്തുകാർ ആദ്യകാലത്ത് ചെറുകഥകളെഴുതിയിരുന്നു. ഈ ആദ്യഘട്ടത്തിന്റെ ഒടുവിൽ രംഗത്തു വന്ന കഥാകൃത്തുക്കളാണ് കെ. പി. കേശവമേനോൻ, ചേലനാട്ട് അച്യുതമേനോൻ, കെ. എൻ. എഴുത്തച്ഛൻ, എസ്. രാമാവാരിയർ, സി. എ. കിട്ടുണ്ണി, പാവുണ്ണി തൈക്കാട്, വിളാവട്ടത്ത് ശങ്കരപ്പിള്ള, കെ. എസ്. മണി തുടങ്ങിയവർ.

രണ്ടാം ഘട്ടം

1925 മുതൽ ചെറുകഥയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നു. വ്യക്തമായ സാമൂഹിക വീക്ഷണത്തോടുകൂടി എഴുതിയ ചെറുകഥകളുടെ ഘട്ടമാണത്. വി. ടി. ഭട്ടതിരിപ്പാട്, മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരി, എം. ആർ. ബി തുടങ്ങിയവരുടെ

കഥകളാണ് ഇതിനുദാഹരണം. 1920-കൾ മുതൽ ലോകകഥയെ പരിചയപ്പെടുത്തിയും ചെറുകഥയുടെ സൗന്ദര്യശാസ്ത്രപരമായ പ്രശ്നങ്ങൾ ചർച്ച ചെയ്തും നിരൂപകനായ കേസരി ബാലകൃഷ്ണപിള്ള പുതിയൊരു സാഹിത്യാവബോധം മലയാളത്തിൽ സൃഷ്ടിച്ചു. ചെറുകഥയിലും നോവലിലും പരിവർത്തനം കൊണ്ടുവരാൻ ചെറിയ സഹായമല്ല കേസരി ചെയ്തത്. ഒട്ടേറെ യൂറോപ്യൻ ചെറുകഥകൾ വിവർത്തനം ചെയ്തും കേസരി മാതൃക കാണിച്ചു. ജീവൽസാഹിത്യ പ്രസ്ഥനവും പുരോഗമന സാഹിത്യപ്രസ്ഥാനവും സാഹിത്യത്തിന് പുതിയ ലക്ഷ്യബോധം പകരുകയും ചെയ്തു. ഈ പരിവർത്തന ദശയിൽ ഉയർന്നു വന്ന അഞ്ചു കഥാകൃത്തുക്കൾ മലയാള കഥയുടെ സുവർണ്ണയുഗത്തിന്റെ സ്രഷ്ടാക്കളായി മാറി. എസ്. കെ. പൊറ്റക്കാട്ട്, പി. കേശവദേവ്, തകഴി ശിവശങ്കരപ്പിള്ള, വൈക്കം മുഹമ്മദ് ബഷീർ, പൊൻകുന്നം വർക്കി എന്നിവരാണവർ.

സുവർണ്ണകാലം

പൊൻകുന്നം വർക്കി, എസ്. കെ. പൊറ്റക്കാട്ട്, കേശവദേവ്, തകഴി, ബഷീർ എന്നീ അഞ്ചു പേരും ലളിതാംബിക അന്തർജ്ജനം, കാരൂർ നീലകണ്ഠപ്പിള്ള, ഉറൂബ് (പി. സി. കുട്ടികൃഷ്ണൻ), കെ. സരസ്വതിയമ്മ തുടങ്ങിയവരും ചേർന്നാണ് 1930- കൾക്കു ശേഷം മലയാള കഥയിലെ സുവർണ്ണയുഗം സൃഷ്ടിച്ചത്. റിയലിസത്തിന്റെ സന്ദേശമാണ് അവർ ഉയർത്തിയത്. അദ്ഭുതരസവും പരിണാമ ഗുപ്തിയും തൊലിപ്പുറമേയുള്ള ഫലിതവും നിറഞ്ഞ ആദ്യകാല കഥകളിൽ നിന്നുള്ള വമ്പൻ കുതിച്ചു ചാട്ടമാണ് ഈ തലമുറ നിർവഹിച്ചത്.

ദരിദ്രമനുഷ്യരുടെ ജീവിതവും അവർ നേരിടുന്ന ചൂഷണങ്ങളും രാഷ്ട്രീയസമരവും അധികാര വിമർശനവും ഈ കഥാകൃത്തുക്കളുടെ പ്രമേയമായി. വർക്കിയുടെ മന്ത്രിക്കെട്ട്, അന്തോണീ

നീയുമച്ഛനായോടാ, ശബ്ദിക്കുന്ന കലപ്പ, തകഴിയുടെ വെള്ളപ്പൊക്കത്തിൽ, കേശവദേവിന്റെ ഗുസ്തി, കൂൾഡ്രിങ്ക്, പ്രതിജ്ഞ, ബഷീറിന്റെ നീലവെളിച്ചം, ജന്മദിനം, ടൈഗർ, പൊറ്റക്കാട്ടിന്റെ ഒട്ടകം, ഏഴിലംപാല, കാട്ടുചെമ്പകം, നിശാഗന്ധി, കാരൂരിന്റെ മരപ്പാവകൾ, പൂവമ്പഴം, അരഞ്ഞാണം, ഉതുപ്പാന്റെ കിണർ, മോതിരം, പിശാചിന്റെ കുപ്പായം, അന്തർജനത്തിന്റെ മാണിക്കൻ, പ്രതികാരദേവത, സരസ്വതിയമ്മയുടെ പെൺബുദ്ധി, ചോലമരങ്ങൾ തുടങ്ങിയ എത്രയോ കഥകൾ ആ സുവർണ്ണഘട്ടത്തിന്റെ സ്മാരകങ്ങളായി നിലനിൽക്കുന്നു.

ഒട്ടേറെ പുതിയ എഴുത്തുകാർ 1940-കളിൽ ചെറുകഥാരംഗത്തെ വികസ്വരമാക്കി. പുളിമാന പരമേശ്വരപിള്ള, നാഗവള്ളി ആർ. എസ്. കുറുപ്പ്, വെട്ടൂർ രാമൻ നായർ, പോഞ്ഞിക്കര റാഫി, ടി. കെ. സി. വടുതല തുടങ്ങിയവർ ഈ കാലഘട്ടത്തിൽ ശ്രദ്ധേയരായിത്തീർന്നു. മുട്ടത്തു വർക്കി, വൈക്കം ചന്ദ്രശേഖരൻ നായർ, ചെറുകാട്, ഐ. കെ. കെ. എം., എം. പരമേശ്വരൻ നായർ, പെരുന്ന തോമസ്, എൻ. ഗോവിന്ദൻകുട്ടി, ടാറ്റാപുരം സുകുമാരൻ, ബി. മാധവമേനോൻ, ഡി. എം. പൊറ്റെക്കാട്ട്, സി. അച്യുതക്കുറുപ്പ്, എസ്. കെ. ആർ. കമ്മത്ത്, ഇ. എം. കോവൂർ, എം. എൻ. ഗോവിന്ദൻ നായർ, വേളൂർ കൃഷ്ണൻ കുട്ടി, പി. കെ. രാജരാജവർമ, ആനന്ദക്കുട്ടൻ, എൻ. പി. ചെല്ലപ്പൻ നായർ, പി. സി. കോരുത്, വി. ടി. നന്ദകുമാർ, സരളാരാമവർമ, എസ്. കെ. മാരാർ തുടങ്ങി ഒട്ടേറെ കഥയെഴുത്തുകാർ 1940 കൾക്കു ശേഷം ഉയർന്നു വന്നവരാണ്.

മൂന്നാം ഘട്ടം

1950-കൾ മുതൽ ചെറുകഥ അന്നുവരെയുള്ളതിൽ നിന്നു വ്യത്യസ്തമായ വഴിയിൽ സഞ്ചരിക്കാൻ തുടങ്ങി. സാഹിത്യരൂപമെന്ന

നിലയിൽ ചെറുകഥ ഏകാഗ്രവും സൂക്ഷ്മവുമായ ശില്പമായിത്തീർന്ന ഈ ഘട്ടത്തിലെ കഥകൾ ആന്തരികാനുഭവങ്ങൾക്കും മനോവൃത്തികൾക്കും പ്രാധാന്യം നൽകി. ബിംബ പ്രധാനമായ ആഖ്യാനരീതിയും പ്രാബല്യം നേടി. ഏകാകിയുടെ വേദനകൾ ആവിഷ്കരിക്കുന്ന കഥകളായിരുന്നു ഈ പുതുഭാവുകത്വത്തിലെ ശ്രദ്ധേയമായ രചനകളിൽ പലതും. എം. ടി. വാസുദേവൻ നായരുടെയും ടി. പദ്മനാഭന്റെയും കഥകളാണ് ഈ ഭാവപരിവർത്തനത്തിനു തുടക്കമിട്ടത്. എം. ടി. യുടെ ബന്ധനം, വളർത്തു മൃഗങ്ങൾ, കുട്ട്യേടത്തി, ഇരുട്ടിന്റെ ആത്മാവ്, പള്ളിവാളും കാൽചിലമ്പും, ഓപ്പോള്, വാരിക്കുഴി, സുകൃതം, അജ്ഞാതന്റെ ഉയരാത്ത സ്മാരകം, വാനപ്രസ്ഥം, ഷെർലക് തുടങ്ങിയ കഥകൾ അതിപ്രശസ്തമാണ്. കടയനെല്ലൂരിലെ ഒരു സ്ത്രീ, കാലഭൈരവൻ, പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി, മഖൻസിങ്ങിന്റെ മരണം, ഭയം, ഹാരിസൺ സായ്‌വിന്റെ നായ, ശേഖൂട്ടി, ഗോട്ടി, ഗൗരി തുടങ്ങിയ ഒട്ടേറെ പ്രശസ്ത കഥകളുടെ കർത്താവാണ് ടി. പദ്മനാഭൻ.

എൻ. പി. മുഹമ്മദ്, കെ. ടി മുഹമ്മദ്, പി. എ. മുഹമ്മദ് കോയ, സി. രാധാകൃഷ്ണൻ, കോവിലൻ, പാറപ്പുറത്ത്, ജി. എൻ. പണിക്കർ, തുളസി, നന്തനാർ, വിനയൻ, ജി. വിവേകാനന്ദൻ, ഉണ്ണികൃഷ്ണൻ പുത്തൂർ തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾകൂടി ചേർന്നതാണ് മൂന്നാംഘട്ടം.

### ആധുനികത

ആധുനികതയുടെ കാലമാണ് ചെറുകഥയിലെ നാലാം ഘട്ടം. നഗരകേന്ദ്രിതമായ ആധുനിക സമൂഹത്തിൽ മാനുഷിക മൂല്യങ്ങളും മനുഷ്യസ്ഥിത്വവും നേരിട്ട പ്രതിസന്ധികളും ജീവിതത്തിനുണ്ടായ അന്യവത്കരണവും ഏകാന്തതാബോധവുമൊക്കെയായിരുന്നു

ആധുനികരുടെ വിഷയങ്ങൾ. ഒ. വി. വിജയൻ, മാധവിക്കുട്ടി, എം. പി. നാരായണപിള്ള, കാക്കനാടൻ, എം. മുകുന്ദൻ, സേതു, പുനത്തിൽ കുഞ്ഞബ്ദുള്ള, വി. കെ. എൻ., ടി. ആർ., കെ. പി. നിർമൽ കുമാർ, മേതിൽ രാധാകൃഷ്ണൻ, എം. സുകുമാരൻ, പി. കെ. നാണു, യു. പി. ജയരാജ്, സി. ആർ. പരമേശ്വരൻ, സക്കറിയ, സി. വി. ശ്രീരാമൻ, പി. വത്സല, എസ്. വി. വേണുഗോപൻ നായർ, വൈശാഖൻ, മുണ്ടൂർ കൃഷ്ണൻ കുട്ടി, തുടങ്ങിയ ഒട്ടേറെപ്പേരുൾപ്പെടുന്നതാണ് ആധുനികതയുടെ തലമുറ. ഒ. വി. വിജയന്റെ എണ്ണ, അരിമ്പാറ, കടൽത്തീരത്ത്, കാറ്റു പറഞ്ഞ കഥ, മാധവിക്കുട്ടിയുടെ പക്ഷിയുടെ മണം, നാവിക വേഷം ധരിച്ച കുട്ടി, പരുന്തുകൾ, നെയ്പ്പായസം, കാക്കനാടന്റെ ശ്രീചക്രം, നിഷാദസങ്കീർത്തനം, യൂസഫ് സരായിയിലെ വ്യാപാരി, കുഞ്ഞമ്മപ്പാലം, എം. പി. നാരായണപിള്ളയുടെ ജോർജ്ജ് ആറാമന്റെ കോടതി, മുരുകൻ എന്ന പാമ്പാട്ടി, എം. മുകുന്ദന്റെ രാധ രാധമാത്രം, അഞ്ചര വയസ്സുള്ള കുട്ടി, ദൽഹി 1981 തുടങ്ങിയ കഥകൾ ആധുനിക ചെറുകഥയുടെ മികച്ച മാതൃകകളാണ്.

## ആധുനികതയ്ക്കു ശേഷം

ആധുനികതയുടെ പ്രഭാവ കാലത്തു തന്നെ അതിൽ നിന്നു വ്യത്യസ്തമായി എഴുതാൻ ശ്രമിച്ച ഒരുപറ്റം കഥാകൃത്തുക്കൾ രംഗത്തു വന്നു. വി. പി. ശിവകുമാർ, എൻ. എസ്. മാധവൻ, അയ്മനം ജോൺ, യു. കെ. കുമാരൻ, സി. വി. ബാലകൃഷ്ണൻ, സാറാ ജോസഫ്, എൻ. പ്രഭാകരൻ, അഷ്ടമൂർത്തി, ടി. വി. കൊച്ചു ബാവ, വി. ആർ. സുധീഷ്, അക്ബർ കക്കട്ടിൽ, എം. രാജീവ് കുമാർ, മാനസി, ഇ. വി. ശ്രീധരൻ തുടങ്ങിയവരെല്ലാം ഈ തലമുറയിൽ ഉൾപ്പെടുന്നു. വിശാലാർത്ഥത്തിൽ ആധുനികതയുടെ ഭാഗമാണ് ഈ എഴുത്തുകാരും.

**ഉത്തരാധുനികത**

**1990- കൾ മുതൽ ആവിർഭവിച്ച ഭാവുകത്വത്തെയാണ് ഉത്തരാധുനികതയെന്ന വിശേഷിപ്പിക്കുന്നത്. കഴിഞ്ഞ തലമുറയിൽപ്പെട്ടവരും ഈ പുതുഭാവുകത്വ രീതി സ്വാംശീകരിച്ചു കഴിഞ്ഞിട്ടുണ്ട്. തോമസ് ജോസഫ്, വി. വിനയകുമാർ, അശോകൻ ചരുവിൽ, സുഭാഷ് ചന്ദ്രൻ, സന്തോഷ് ഏച്ചിക്കാനം, ബി. മുരളി, ഉണ്ണി ആർ. തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾ ഉൾപ്പെടുന്നതാണ് ചെറുകഥയുടെ ഈ വർത്തമാനകാല തലമുറ.**

- **ശ്രീരാഗ്.പി.കെ (IX B)**
- **സബിൻ സാജു (IX A)**

# *ANOTHER CHANCE*

How often we wish for another chance

To make a fresh beginning.
A change to blot out our mistakes
and change failure into winning.

It does not take a new day
To make a brand new start,
It only takes a deep desire
To try with all our heart.

To live a better
And to always be forgiving
And to add a little sunshine
To the world in which we're living.

So never give up in despair
And think that you are through,
For there's always a tomorrow
And the hope of starting new

SREERAG

---

IX B

# വൈക്കം മുഹമ്മദ് ബഷീർ

മലയാള നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമര പോരാളിയുമായിരുന്നു. ബേപ്പൂർ സുൽത്താൻ എന്ന അപരനാമത്തിലും അറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ (ജനനം: 21 ജനുവരി 1908 തലയോലപ്പറമ്പ്, വൈക്കം – മരണം: 5 ജൂലൈ 1994 ബേപ്പൂർ, കോഴിക്കോട്). 1982–ൽ ഇന്ത്യാ ഗവൺമെൻറ് പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു. ആധുനിക മലയാള സാഹിത്യത്തിൽ ഏറ്റവുമധികം വായിക്കപ്പെട്ട എഴുത്തുകാരിലൊരാൾ എന്ന് വിശേഷിപ്പിക്കപ്പെട്ടു.

1908 ജനുവരി 21 ന് തിരുവിതാംകൂറിലെ (ഇപ്പോഴത്തെ കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിൽ ഉൾപ്പെട്ട) തലയോലപ്പറമ്പ് ഗ്രാമത്തിൽ ജനിച്ചു. പിതാവ് കായി അബ്ദുറഹ്മാൻ, മാതാവ് കുഞ്ഞാത്തുമ്മ. പ്രാഥമിക വിദ്യാഭ്യാസം തലയോലപ്പറമ്പിലെ മലയാളം പള്ളിക്കൂടത്തിലും വൈക്കം ഇംഗ്ലീഷ് സ്കൂളിലും.

രസകരവും സാഹസികവുമാണ് ബഷീറിന്റെ ജീവിതം. സ്കൂൾ പഠനകാലത്ത്(5–ആം ക്ലാസ്സ്) കേരളത്തിലെത്തിയ ഗാന്ധിജിയെ കാണാൻ വീട്ടിൽ നിന്നും ഒളിച്ചോടിയതാണ് ബഷീറിന്റെ ജീവിതത്തിൽ വഴിത്തിരിവായത്. കാൽനടയായി എറണാകുളത്തു ചെന്നു കളളവണ്ടി കയറി കോഴിക്കോട്ടെത്തിയ ബഷീർ സ്വാതന്ത്ര്യ സമര രംഗത്തേക്ക് എടുത്തുചാടി. ഗാന്ധിജിയെ തൊട്ടു എന്ന് പിൽക്കാലത്ത് അദ്ദേഹം അഭിമാനത്തോടെ പരാമർശിച്ചിട്ടുണ്ട്. 1930–ൽ കോഴിക്കോട്ട് ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജയിലിലായി. പിന്നീട് ഭഗത് സിംഗ്

മാതൃകയിൽ തീവ്രവാദ സംഘമുണ്ടാക്കി. തീവ്രവാദ സംഘടനയുടെ മുഖപത്രമായ ഉജ്ജീവനത്തിലെഴുതിയ തീപ്പൊരി ലേഖനങ്ങളാണ് ആദ്യകാല കൃതികൾ. 'പ്രഭ' എന്ന തൂലികാനാമമാണ് അന്ന് അദ്ദേഹം സ്വീകരിച്ചിരുന്നത്. വാരിക പിന്നീട് കണ്ടുകെട്ടി. തുടർന്നു കുറേ വർഷങ്ങൾ ഇന്ത്യയൊട്ടാകെ അലഞ്ഞുതിരിഞ്ഞു. അതിസാഹസികമായ ഈ കാലയളവിൽ ബഷീർ കെട്ടാത്ത വേഷങ്ങളില്ല. ഉത്തരേന്ത്യയിൽ ഹിന്ദു സന്ന്യാസിമാരുടെയും, സൂഫിമാരുടെയും കൂടെ ജീവിച്ചു, പാചകക്കാരനായും, മാജിക്കുകാരന്റെ സഹായിയായും കഴിഞ്ഞു. പല ജോലികളും ചെയ്തു. അറബിനാടുകളിലും ആഫ്രിക്കയിലുമായി തുടർന്നുള്ള സഞ്ചാരം.ഏകദേശം 9 വർഷത്തോളം നീണ്ട ഈ യാത്രയിൽ അദ്ദേഹം പല ഭാഷകളും ഗ്രഹിച്ചു, മനുഷ്യ ജീവിതത്തിന്റെ എല്ലാ വശങ്ങളും — തീവ്ര ദാരിദ്ര്യവും,മനുഷ്യ ദുരയും നേരിട്ടു കണ്ടു. ബഷീറിന്റെ ജീവിതം തന്നെയാണ് അദ്ദേഹത്തിന്റെ സാഹിത്യം എന്നു പറയാം. ഇതുപോലെ സ്വതന്ത്രമായി ലോകസഞ്ചാരം നടത്തിയ എഴുത്തുകാർ മലയാള സാഹിത്യത്തിൽ വിരളമാണെന്നു പറയാം. ലോകം ചുറ്റലിനിടയിൽ കണ്ടെത്തിയ ഒട്ടേറെ ജീവിത സത്യങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ കാണാം.

പദ്മനാഭ പൈ പത്രാധിപരായിരുന്ന "ജയകേസരി"യിൽ പ്രസിദ്ധീകരിച്ച തങ്കം ആണ് ആദ്യം പ്രസിധീകരിച്ച കഥ. ജോലിയന്വേഷിച്ചാണ് ബഷീർ പത്രാധിപരുടെയടുത്തെത്തിയത്. എന്നാൽ ജോലി തരാൻ നിവൃത്തിയില്ലെന്നും, കഥ എഴുതിത്തന്നാൽ പ്രതിഫലം തരാം എന്നും മറുപടി കേട്ട ബഷീർ ഗത്യന്തരമില്ലാതെ ഒരു കഥ എഴുതുകയായിരുന്നു. കറുത്തിരുണ്ട് വിരൂപയായ നായികയും, ചട്ടുകാലും , കോങ്കണ്ണും, കൂനുമുള്ള യാചകൻ നായകനുമായി എഴുതിയ ആ കഥയാണ് തങ്കം.

— ***benchamin***

mathew
9a

# അമ്മ



മഴവില്ല് പോലെയും
മാമഴ പോലെയും
മാരിവിൽ തീർക്കുമെന്നമ്മ
ഭൂമിയെക്കാളും ക്ഷമയുള്ള
ഭാഗ്യമാണെന്നുമെന്നമ്മ



വാൽസല്യത്തിൻ മഴയെന്നും
ചൊരിഞ്ഞിടും
മാരിവില്ലാണെന്നമ്മ
ദുഖത്തിൻ മഴയെന്നും മറച്ചിടും
പുസ്തകത്തിൻ താളിൽ
കൈപിടിച്ചെത്തിക്കാൻ
ആദ്യ ഗുരുവാണെന്നമ്മ
മനസ്സിനെ താമരയാക്കുന്ന
ലക്ഷ്മിയാണെന്നുമെന്നമ്മ
മഴവില്ല് പോലെയും
മാരിവില്ല് പോലെയും
മാരിവാല്ല് തീർക്കുമെന്നമ്മ

ഓ......മാരിവാല്ല് തീർക്കുമെന്നമ്മ.....

അയന.എ.ഇ

IX.A

# കാത്തിരിപ്പ്

എന്നിൽ നിന്നും വിടചൊല്ലുന്ന

ഒരു ഇളംകാറ്റിൽ

സായംസന്ത്യക്കുഡി

ഓരോ ദിനവും

നിൻ ഓർമ്മകൾ

എന്നെ തഴുകി ഉണർത്തുന്നത്

നീ അറിയുന്നുവോ

എൻ ചെപ്പിൽ നിനക്കായ്

ഓരോ മുത്തും

ഓരോ ദിനങ്ങൾ പോൽ

ഓരോ ദിനവും

ഓരോ യുഗങ്ങൾ പോൽ

നിൻ വരവിനായ്

കാത്തിരപ്പൂ ഞാൻ

നിന്നിൽ അലിയാനായ്.....!!

CHRISTO THOMAS
9A

# പ്രകൃതി

ഹേ ഭൂമി ദേവി, നീ എത്ര സുന്ദരി
നിന്നിലെ സൗന്ദര്യത്താൽ
പൂക്കളും, മരങ്ങളും കാറ്റിലാടി
തിമിർത്തുല്ലസിച്ച് നിൽക്കുന്നിതാ.
നിന്നിലെ സൗന്ദര്യത്താൽ
കാറ്റുകൾ കുളിർമയേകിടുന്നു

**കിളികൾ പറന്നുപറന്ന്**
**ഉല്ലസിച്ചീട്ടുന്നിതാ**
**എല്ലാം നിന്നിലെ സൗന്ദര്യത്താൽ**
**നീ എത്ര സുന്ദരി,**
**നീ എത്ര മനോഹരി**
**ഹേ ഭൂമി ദേവി ...??????**

നിതിൻ തോമസ്
9B

## *നന്മ*

*നന്മ ചെയ്യുന്നവന് എന്തുകൊണ്ട്*
*നന്മ തിരിച്ചുകിട്ടുന്നില്ല*
*ഒരു തെറ്റുചെയ്യാത്തവർ*
*ദുരിതമനുഭവിക്കേണ്ടവരുന്നത്*
*മനസ്സിൽ ഇരുട്ടാണെങ്കിൽ*
*ഇരുണ്ടതായി തോന്നുന്നു*
*മനസ്സിൽ വെളിച്ചമാണുള്ളതെങ്കിൽ*
*എല്ലായിടത്തും വെളിച്ചമുള്ളതെങ്കിൽ തോന്നുന്നു*
*........*

*AJWAL THOMAS*
*9B*

# ഒ.എൻ.വി കുറുപ്പ്

മലയാളത്തിലെ പ്രശസ്ത കവിയാണ് ഒ.എൻ.വി കുറുപ്പ് (ജനനം:27 മെയ് 1931, മരണം: 13 ഫെബ്രുവരി 2016). ഒ.എൻ.വി. എന്ന ചുരുക്കപേരിലും അറിയപ്പെടുന്നു. ഒറ്റപ്ലാക്കൽ നീലകണ്ഠൻ വേലു കുറുപ്പ് എന്നാണ് പൂർണ്ണനാമം. 1982 മുതൽ 1987 വരെ കേന്ദ്ര സാഹിത്യ അക്കാദമി അംഗമായിരുന്നു. കേരള കലാമണ്ഡലത്തിന്റെ ചെയർമാൻ സ്ഥാനവും ഒ.എൻ.വി വഹിച്ചിട്ടുണ്ട്. സാഹിത്യ രംഗത്തെ സംഭാവനകൾ പരിഗണിച്ച് 2007-ലെ ജ്ഞാനപീഠ പുരസ്കാരം ഇദ്ദേഹത്തിന് 2010-ൽ ലഭിച്ചു. കേന്ദ്ര സർക്കാരിന്റെ പത്മശ്രീ (1998), പത്മവിഭൂഷൺ (2011) ബഹുമതികൾ ഇദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. നിരവധി സിനിമകൾക്കും നാടകങ്ങൾക്കും ടെലിവിഷൻ സീരിയലുകൾക്കും അദ്ദേഹം ഗാനങ്ങൾ രചിച്ചിട്ടുണ്ട്. 2016 ഫെബ്രുവരി 13 ന് തിരുവനന്തപുരത്ത് അന്തരിച്ചു.

_ARJUN.P.B
9B

## _കുട്ടിയും തള്ളയും

(കുമാരനാശാൻ)

പൂക്കുന്നിതാ മുല്ല, പൂക്കുന്നിലഞ്ഞി,

പൂക്കുന്നു തേന്മാവു, പൂക്കുന്നശോകം;

വായ്ക്കുന്നു വേലിക്കു വർണ്ണങ്ങൾ, പൂവാൽ

ചോക്കുന്നു കാടന്തിമേഘങ്ങൾപോലെ.

എല്ലാടവും പുഷ്പഗന്ധം പരത്തി

മെല്ലെന്നു തെക്കുന്നു വീശുന്നു വായു;

ഉല്ലാസമീ നീണ്ട കൂകൂരവത്താ-

ലെല്ലാർക്കുമേകുന്നിതേ കോകിലങ്ങൾ.

കാണുന്നിതാ രാവിലേ പൂവു തേടി

ക്ഷീണത്വമോരാത്ത തേനീച്ച കാട്ടിൽ

പോണേറെയുത്സാഹമുൾക്കൊണ്ടിവയ്ക്കെ-

ന്തോണം വെളുക്കുന്നുഷസ്സോയിതെല്ലാം?

പാടങ്ങൾ പൊന്നിൻനിറംപൂണ്ടു, നീളെ-

പ്പാടിപ്പറന്നെത്തിയീത്തത്തയെല്ലാം

കേടറ്റ നെല്ലിൻ കതിർക്കാമ്പുകൊത്തി-

ക്കൂടാർന്ന ദിക്കോർത്തു പോകുന്നു വാനിൽ.

ചന്തം ധരയ്ക്കേറെയായ് ശീതവും പോ,-

യന്തിക്കു പൂങ്കാവിലാളേറെയായി;

സന്തോഷമേറുന്നു, ദേവാലയത്തിൽ

പൊങ്ങുന്ന വാദ്യങ്ങൾ—വന്നു വസന്തം!

നാകത്തിൽനിന്നോമനേ, നിന്നെ വിട്ടീ
ലോകത്തിനാനന്ദമേകുന്നിതീശൻ
ഈ കൊല്ലമീ നിന്റെ പാദം തൊഴാം ഞാൻ
പോകൊല്ല പോകൊല്ല പൂക്കാലമേ നീ!

ചിന്തിച്ചിളങ്കാറ്റുതൻ നിസ്വനത്താ-
ലെന്തോന്നുരയ്ക്കുന്നു നീ?—ഞാനറിഞ്ഞു,
"എന്താതനാം ദേവനോതുന്നതേ ഞാ-
നെന്താകിലും ചെയ്യു"വെന്നല്ലയല്ലീ?

എഡ്വിൻ സോമിച്ചൻ, നിതിൻ തോമസ്

*9B*

# പ്രകൃതി

_*നിനക്കല്ലേ ഈ സൗന്ദര്യം*

_*നിനക്കല്ലേ ഈ പച്ചപ്പ്*

_*നീയല്ലേ ഭൂമി*

*മരങ്ങളും , പച്ചപ്പും*
*നിന്റെ വരദാനം*
*എങ്ങനെ കിട്ടി നിനക്ക്*
*ഈ അതിമനോഹാരിത*
*നിന്നിൽ എന്തെല്ലാം*
*സ്ഥിതിചെയ്യുന്നു*
*നീ ഭാഗ്യവതിയാണല്ലേ....*

**SHELBIN RAJU**
**9B**

## ശക്തിമാൻ

# സൂര്യൻ

ഭൂമിയിലെ ഒരു വലിയ പ്രദേശമാകെ ചുട്ടുചാമ്പലാക്കാൻ ഒരൊറ്റ ഹൈഡ്രജൻ ബോംബിന് കഴിയും.എന്നാൽ , ആയിരകണക്കിന് ഹൈഡ്രജൻ ബോംബുകൾ പൊട്ടുന്നതു പോലെ എപ്പോഴും എരിഞ്ഞുകൊണ്ടിരിക്കുന്ന ഒരു ഗോളമാണ് നമ്മുടെ ഭൂമിയിൽ ജീവൻ നിലനിർത്തുന്നത്;

സൂര്യൻ !

മൂലകങ്ങൾ ഉരുകിചേരുന്ന പ്രകൃതിയിലൂടെ ലഭിക്കുന്ന ഊർജമാണ് സൂര്യന്റ ശക്തി. ഹൈഡ്രജൻ ആറ്റങ്ങൾ കൂടിചേർന്ന് ഹീലിയമായി മാറുന്ന പ്രവർത്തനത്തിലൂടെ ആണ് സൂര്യനിൽ ഊർജമാണ്. ഒരോ സെക്കൻഡിലും സൂര്യൻ ഏകദേശം 40 ലക്ഷം ടൺ ഹൈഡ്രജൻ ഹീലിയമായി മാറുന്നുണ്ടേന്നാണ് കണക്ക് !

സൂര്യന്റെ ഉള്ളിലെ മർദവും വളരെ കൂടുതലാണ് . അന്തരീക്ഷം ഭൂമിയുടെ പ്രതലത്തിൻ ചെലുത്തുന്ന മർദമാണല്ലോ അന്തരീക്ഷമർദം .

SNEHA SAJI
9A

# പ്രകൃതി

**ഹേ ഭൂമി ദേവി, നീ എത്ര സുന്ദരി**
**നിന്നിലെ സൗന്ദര്യത്താൽ**
**പൂക്കളും, മരങ്ങളും കാറ്റിലാടി**
**തിമിർത്തുല്ലസിച്ച് നിൽക്കുന്നിതാ.**
**നിന്നിലെ സൗന്ദര്യത്താൽ**
**കാറ്റുകൾ കുളിർമയേകിടുന്നു**
**കിളികൾ പറന്നുപറന്ന്**
**ഉല്ലസിച്ചിടുന്നിതാ**
**എല്ലാം നിന്നിലെ സൗന്ദര്യത്താൽ**
**നീ എത്ര സുന്ദരി,**
**നീ എത്ര മനോഹരി**
**ഹേ ഭൂമി ദേവി ..............**

AYANA.A.E

**ഈ മാഗസിൻ നിർമാണം മുഖാന്തരം ധാരാളം കുട്ടികൾക്ക് തങ്ങളുടെ പല കഴിവുകളും വളർത്തിയെടുക്കുവാനും, മലയാളം ടൈപ്പിംഗ് വളരെ നന്നായി പഠിക്കുവാനും സാധിച്ചു. കുട്ടികളെ ഇതിന് പ്രാപ്തരാക്കിയ ലിറ്റിൽ കൈറ്റസിന് നന്ദി അർപ്പിക്കുന്നു.**

## അൽപ്പം തണ്ണീർ തേടി

*ഇലകൾ കരിഞ്ഞൊരുതീക്കനൽ പോലെ*
*മരങ്ങൾ തലതാഴ്ത്തി നിന്നിടുമ്പോൾ*
*നദികളിൽ തണ്ണീരോ തുള്ളിയില്ല*
*കുഞ്ഞിക്കുരുന്നിൻ കരച്ചിലോ സഹിക്കാതെ*
*ഭൂമിതൻ ദാതാവാം സൂര്യനോ ഭൂമിയിൽ*
*വീണ്ടും കരടച്ചിൽ മുഴക്കുടുന്നു.*
*ഒരു തുള്ളി തണ്ണീർ കുടിച്ചീടുവാനായ്*
*മനുഷ്യൻ അലഞ്ഞുലയുമ്പോൾ*

സസ്യങ്ങൾ വെന്തെരിഞ്ഞു വലഞ്ഞീടുമ്പോൾ
നമ്മളിൽ അഭയം തേടിടുമ്പോൾ
സ്നേഹിതാ അഭയം കേൾക്കുമാറാകണം
ഭുവനത്തെ ശുശ്രൂഷ ചെയ്തിടേണം
നദികളോ ചാലുകളായൊഴുഴിയൊഴുകി
കാടെല്ലാം ന്ടായി നാട്ടിലോ കഥമാറി
മരമില്ലാ,തണലില്ലാ,തണ്ണീരില്ല.
പണ്ടത്തെ രാപ്പാടി മൂളിടും പാട്ടിന്റെ
മോഹനമാകും ശ്രുതിയുമില്ല
പുഴയില്ലാ പുഴയിലോ നീന്തിക്കുളിച്ചൊരാ
പരലില്ലാ,നീലപ്പൊൻമാനുമില്ലാ
സ്നേഹിതാ നമുക്കൊന്നായി ചേർന്നുപാടാം
ഭൂമിമാതാവിനെ കാത്തുകൊള്ളാം
സ്വൽപ്പം തണ്ണീരു തേടിയാ ദാഹം
തീർക്കാം.....

അയന. എ. ഇ

# വിടരും മുമ്പെ കൊഴിഞ്ഞ് പോയവർ



ഭാരതമ്മതൻ ഹസ്തത്തിൽ
പിറന്നവർ
സ്നേഹത്തിൻ ചോലയിൽ ഒഴുകി നടന്നവർ
അവർ ഇന്ന് ജീവിതത്തെ തോൽപിച്ച്
കൊഴിഞ്ഞു വീണു അതെ അവർ കൊഴിഞ്ഞു വീണു

ലഹരികളിൽ നിന്ന് അവർക്കു
വിടുതൽ ഇനി അപ്രതീക്ഷിതം
മനുഷ്യമനസ്സിൻ നൊമ്പരം ഇനി
കാലാചിത കാരണങ്ങളിൽ മാത്രം

സ്വജീവിതം മറന്നവർ
അവർ തങ്ങളെയോർത്തു കരഞ്ഞു
ഭാരതമണ്ണിൻ ഭുവിൻ അവർ

പിറന്നു നിരാജിതരായി, നിരാലംബരായി

ഇതിനെയോർത്ത് കരയരുത്
ഭുവിൽ നിങ്ങൾ ഉയരണം
നമ്മൾ ഉയർത്തണം
രക്ഷയെന്ന സത്യം ഈ ഭുവിൽ
എല്ലാവരുടേതുമാണ്

ഇനിയുമൊന്നോർക്കുക

ലഹരി മധുരമല്ല,
അത് ജീവനെ നശിപ്പിക്കും പിശാച്

സബിൻ സാജൂ
IX A

# ലഹരിയായിരു.......




ലഹരിയായിരുന്നു പലതിനോച്ചും
ബാലിയത്തിൽ അത് അമ്മയുടെ
വാത്സല്യത്തിനോടും
അച്ഛന്റെ കരുതലിനോടുമെങ്കിൽ
പതിയെ അത് വ്യതിചലിക്കപ്പട്ടു

ലഹരിയായിരുന്നു ചിലതിനോട്
പുത്തനുടുപ്പുകളോടും
വർണ്ണശലഭത്തെപോലെ പാറി
നടന്നു
അറിവിന്റെ ലോകത്ത് വിസ്മയങ്ങൾ

ലഹരിയായിരുന്നു ഒന്നിനോട്
അത് ലഹരിയോട് തന്നെയായിരുന്നു
വലിച്ച വിടുന്ന പുകയിലും



ഒഴിഞ്ഞ ഗ്ലാസ്സിലേക്ക് പകർത്തിയ
മദ്യത്തിലും
അത് അറിയാൻ കഴിഞ്ഞു
പിന്നെ അതിനോട് പ്രണയമായി
അഗാധ പ്രണയം

സബിൻ

സാജു

I

X




Once in the dream of night I stood
Lone in the light of a magical wood,
Soul-deep in visions that poppy-like sprang:
And spirits of Truth were the birds that sang,
And spirits of Truth were the birds that
glowed,

And spirit of peace were the streams that glowed,
And spirits of peace were the streams that flowed
In the magical wood in the land of sleep



Lone in the light of that magical grove,
I felt the stars of the spirits of love
Gather and gleam round my delicate youth,
And I heard the song of the spirits of Truth;
To quench my longing I bent me low
By the streams of the spirits of Peace that flow
In that magical wood in the land of sleep.

*SABINSAJU*
*9A*

# CHARLIE AND THE CHOCLATE FACTORY

**റോയാൽഡ് ഡാൽ എഴുതിയ ചാർലി ആന്റ് ദി ചോക്ലേറ്റ് ഫാക്ടറി എന്ന പുസ്തകം കുട്ടികളെ വളരെയധികം ആകർഷിപ്പിക്കുന്ന ഒന്നുതന്നെയാണ്.**

മിഠായി എന്നത് കുട്ടികളുടെ ഏറ്റവും പ്രധാനപ്പെട്ടതാണ്
ഈ കഥ. ഈ കഥയിലെ താരമാണ് ചാർലി എന്ന ബാലൻ. മുത്തച്ഛനും മുത്തശ്ശിയും അച്ഛനും അമ്മയും ഒത്തൊരു ചെറിയ വീട്ടിലാണ് താമസിച്ചത്.
ആവശ്യത്തിന് ഭക്ഷണമില്ലാതെ ഒരു സുഖവും സൗകര്യവും ലഭിക്കാതെ വളരുന്ന ഒരു കുട്ടി.
ലോകപ്രശസ്തമായ വില്ലി വോങ്കയുടെ ഫാക്ടറിയുടെ അടുത്ത് താമസിക്കുന്നു. എങ്കിലും അവന് ജന്മദിനസമ്മാനമായി മാത്രം മിഠായി ലഭിച്ചിരുന്നു.
ആ പയ്യന് തന്റെ ദരിദ്രതമാറ്റാനായി ഒരു സുവർണ്ണാവസരം. എല്ലാവരും മിഠായുടെ ഉൽപാദകനായ വില്ലി വോങ്കയുടെ ഫാക്ടറി സന്ദർഷിക്കുവാൻ അവന് ഒരു സുവർണ്ണാവസരം ലഭിക്കുന്നു. അവനോടൊപ്പം അവസരം ലഭിക്കുന്നവർ അത് വോങ്കയെ അനുസരിക്കാതെ നശിപ്പിക്കുന്നു.
എന്നാൽ അനുസരണം കൊണ്ടും മിതത്വം കൊണ്ടും ചാർലി ആ ഫാക്ടറി നേടുന്നു. വില്ലി വോങ്കയുടെ കാലശേഷം അത് നടത്താനുള്ള അവകാശം

**ചാർലിക്ക് ലഭിക്കുന്നു. വലിയ ആഡംബരജീവിതം നയിക്കുവാൻ ആ കുട്ടിക്ക് കഴിയുന്നു. അങ്ങനെ ആ കുടുംബത്തെ ദരിദ്രതയും പട്ടിണിയും ആ ബാലൻ മാറ്റുന്നു.**

***ശ്രീരാഗ്. പി. കെ***

IX B

***സബിൻ***

***സാജു***

IX A



# ***വായനയുടെ പ്രാധാനം***



നിത്യജീവിതത്തിൽ വായനയ്ക്ക് അതിപ്രധാനമായ പ്രാധാന്യം ഉണ്ട്. വായന എന്നത് അതിവിശാലമായൊരു സമുദ്രത്തിന് തുല്യമാണ്. അതിൽ മുങ്ങിപ്പൊങ്ങുന്നവനാണ് വിജയത്തിലേക്ക് കടന്ന് കയറുന്നത്. അതിനാൽ തന്നെ നമ്മൾ വായന ഒരു ശീലമാക്കണം. വായന



ശരീരത്തിനൊരു വ്യായാമവും മനസ്സിന് പുത്തനൊരു ഉണർവുമാണ് സമ്മാനിക്കുന്നത്. വായന നമ്മുടെ ഉള്ളിൽ അജ്ഞാനത്തിന്റെ ഇരുട്ടകറ്റി വിജ്ഞാനത്തിന്റെ പൊൻതിരിനാളം നമ്മിൽ കത്തിച്ച് തരുന്നു. അതിനാൽ തന്നെ  വായന നാം ഒരു ശീലമാക്കണം. നിത്യജീവിതത്തിൽ  വായന നിരവധി സന്ദർഭങ്ങളിൽ നമ്മുക്ക് ആവശ്യമായി വരുന്നു. അതിനാൽ നാം വായിച്ചു വളരുക.



SABIN SAJU

9 A

# മനോഹരമായ ഒരു

# യാത്ര

ഞാൻ എന്റെ മനസ്സിന്റെ
പുസ്തകത്തിൽ
എഴുതിയ സന്തോഷകരമായ ദിവസങ്ങൾ
എന്റെ കുടുംബം വ്യാപാരികളോട് ഒപ്പം ഒരു
യാത്രപോകാൻ തീരുമാനിച്ചു . ഞങ്ങൾ
4:00 ക്ക്
യാത്രപുറപ്പെട്ടു . വളരെ തണുപ്പുള്ള സമയം
മഞ്ഞുതുള്ളി വമറിച്ച് നിൽക്കുന്ന ഇലകൾ
കാണാൻ എന്ത് മനോഹരം പതുക്കെ തണുപ്പ്
കുറഞ്ഞ് കുറഞ്ഞ് വന്നു . വളരെ
മനോഹരമായ പ്രഭാതം . ഇടതിങ്ങി
നിൽക്കുന്ന മരങ്ങൾ . അവയിലേക്ക്
പറന്നിറങ്ങുന്ന കിളികൾ . അവരുടെ
മനോഹരമായ ശബ്ദങ്ങൾ . ഞങ്ങൾ
യത്രതുടർന്നുകൊണ്ടയിരുന്നു . അങ്ങനെ
ഉച്ചയോടെ ഞങ്ങൾ മനോഹരനഗരമായ
മൈസൂർ നഗരത്തിൽ എത്തി . ഞങ്ങൾ

ആദ്യം തന്നെ മൈസൂർ
കൊട്ടാരത്തിൽപ്പോയി . എന്ത് മനോഹരമായ
സ്ഥലം . രാജാക്കന്മാർ വസിച്ച സ്ഥലം .
വളരെ മനോഹരമായ ചിത്രങ്ങൾ . പിന്നെ
അവിടെ നിന്ന് ഇറങ്ങി . ഉച്ചഭക്ഷണം കഴിച്ചു
. ശേഷം അവിടെയുള്ള മൃഗശാലയിൽ
പോയി . വളരെ വ്യത്യസ്ഥവും മനോഹരമായ
മൃഗങ്ങൾ പക്ഷികൾ . ആ കാഴ്ച എന്നെ
അത്ഭുതപ്പെടുത്തി . പിന്നെ പൂക്കളുടെ
ലോകമായ
വൃന്ദാവനത്തിൽ പോയി . അത് പൂക്കളുടെ
വനമായിരുന്നു . വ്യത്യസ്ഥനിറങ്ങളും
സുഗന്ധവും
പൂക്കൾ . അവിടെ കുറേനേരം ചിലവഴിച്ചു .
പിന്നെ റൂമിൽ എത്തി . പിന്നെ അടുത്ത
പ്രഭാതം . ഞങ്ങൾ ടിപ്പുകോട്ടയിൽ പോയി .
പിന്നെ ഞങ്ങൾ ഒരു ക്ഷേത്രത്തിൽ പോയി .
പിന്നെ ഞങ്ങൾ ഞങ്ങളുടെ മൈസൂർ കാഴ്ച
മതിയാക്കി തിരിച്ചു . വളരെ സന്തോഷം

നിറഞ്ഞ ആ യാത്ര എനിക്ക് വളരെ ഇഷ്ടപ്പെട്ടു .

- അൽഫോൻസ തോമസ്

IX - A

## മാധവിക്കുട്ടി(കമലാസുരയ്യ)

തൃശ്ശൂർ ജില്ലയിലെ പുന്നയൂർകുളത്ത് ജനിച്ചു.മലയാളത്തിലും ഇംഗ്ലീഷിലും ഒരുപോലെ പ്രശസ്തയായ എഴുത്തുകാരി.മലയാളത്തിൽ മാധവിക്കുട്ടി എന്ന പേരിലും ഇംഗ്ലീഷിൽ കമലാദാസ് എന്ന പേരിലുമാണ് അവർ രചനകൾ നടത്തിയിരുന്നത്.വയലാർ അവാർഡ്,എഴുത്തച്ഛൻ പുരസ്കാരം,കേരള സാഹിത്യ അക്കാദമി പുരസ്കാരം,ഏഷ്യൻ വേൾഡ് പ്രൈസ്,ഏഷ്യൻ പൊയെട്രി പ്രൈസ്,കെൻറ്റ് അവാർഡ് എന്നിവ ലഭിച്ചു.

കടൽ മയൂരം,ഭയം എന്റെ നിശാവസ്ത്രം,എന്റെ സ്നേഹിത അരുണ,ചുവന്ന പാവാട,പക്ഷിയുടെമണം,തണുപ്പ്,മാനസി,എന്റെ കഥ,ബാല്യകാലസ്മരണകൾ ,വർഷങ്ങൾക്കുമുമ്പ്,ഡയറിക്കുറിപ്പുകൾ,നീർമാതളം പൂത്തകാലം,നഷ്ടപെട്ട

നീലാംബരി, ചന്ദനമരങ്ങൾ, മനോമി. വീണ്ടും ചില
കഥകൾ, എറ്റയടി പാത, യാ അല്ലാഹ്
, കവാടം(സുലോചനയുമൊത്ത്), വണ്ടിക്കാളകൾ
, കൽക്കട്ടയിലെ വേനൽ(Summer in Calcutta), കാമത്തിന്റെ
അക്ഷരങ്ങൾ(Alphabet of the lust), പിതൃപരമ്പര(The
Descendance), പഴയകളിവീടും മറ്റു കവിതകളും(Old Play
House and Other Poems), തിരഞ്ഞെടുത്ത
കവിതകൾ(Collected Poems), എങ്ങനെ പാടണമെന്ന്
ആത്മാവിനെ അറിയൂ(Only the Soul How to
Sing), ചൂളംവിളികൾ(The Sirens) എന്നിവയാണ് പ്രധാന
കൃതികൾ.

AYANA. A E
9A

# നന്മ

നന്മ ചെയ്യുന്നവന് എന്തുകൊണ്ട്
നന്മ തിരിച്ചുകിട്ടുന്നില്ല .
ഒരു തെറ്റുചെയ്യാത്തവർ
ദുരിതമനുഭവിക്കേണ്ടി വരുന്നത് എന്തുകൊണ്ട്
.

മനസ്സിൽ ഇരുട്ടാണെങ്കിൽ ലോകം മുഴുവൻ ഇരുണ്ടതായി തോന്നുന്നു .

മനസ്സിൽ വെളിച്ചമാണുള്ളതെങ്കിൽ എല്ലായിടത്തും വെളിച്ചമുള്ളതായി തോന്നുന്നു .

- അജുൽ തോമസ്

IX - A

# OUR FRIENDSHIP



*As I think of friendship,I being to see,*
*Words that can't describe*
*What you mean to me,*
*No matter the miles that keep us apart,*
*We are always together in each others heart......*
*I wish this time will never come to an end,*
*Cause you are always there for me'*
*You always stood nearby me,no matter*
*What mood I am in,......*
*In times when I was distraught with worry*



*I will never forget your often repeated phrase,*
*"Worry never robs tomorrow of its sorrow*
*It only saps today of its joy".*

*You are for me a God send,*
*And for you I always wish God speed,*
*No matter the miles that keep us apart,*
*We are always together in each others heart......*

*by Ayana a.e*
*IX.A*

## എന്റെ വിദ്യാലയം

ഇതെന്റെ വീട്

ഈ കളിവീടിന്റെ മുറ്റത്ത് നാം

അക്ഷരങ്ങളുമായി പിച്ചവെച്ച

ഈ കളിവീടിൻ അചരനായി

അമ്മയായി എന്റെ ഗുരുക്കൾ

ഏറെപ്പേർ നടന്നീവഴിയിൽ

ഉന്നതിനേടി ഗുരുത്വമാർന്നിവിടെ

ഞാനുമീ വഴിനീങ്ങിടട്ടെ മാതാ

പിതാഗുരു ദൈവ ഭക്തിയാൽ

ശെൽബിൻ രാജു
9B

# സഫലമീയാത്ര

ആർദ്രമീധനുമാസരാവിലൊന്നിൽ
ആതിര വരും , പോകു,മല്ലേ സഖീ ? ഞാനീ
ജനലഴി പിടിച്ചൊട്ടു നിൽക്കട്ടെ ; നീയെ -
ന്നണിയത്തുതന്നെ നിൽക്കൂ , ഇപ്പഴകൂ -
ടൊരു ചുമക്കടിയിടറിവീഴാം.

വ്രണിതമാം കണ്ഠത്തിലിന്നു നോവിത്തിരി -
ക്കുറവുണ്ട് , വളരെ നാൾകൂടി
നോരിയ നിലാവിന്റെ പിന്നിലെയന്തതയി-
ലലിയുമിരുൾ നീലിമയിൽ ,
എന്നോ പഴകിയൊരോർമ്മകൾ മാതിരി ,
നിന്നു വിറയ്ക്കുമീയേകാന്തതാരകളെ
ഞാനൊട്ടു കാണട്ടെ , നീ തൊട്ടുനിൽക്കൂ .
ഒരൊ നിറംകൊണ്ടു നേരമളന്നും

ഒരോ  രവം കൊണ്ട  രൂപമണ്ഞും
ഒരോ മരുന്നുകളിലന്തികളിഴഞ്ഞും
ഒരു  കരസ്പർശത്തി, ലൊരു നേർത്തനേർത്ത തേങ്ങലി -
ലിരവിൻ വ്രണിങ്ങളിൽ  കുളരു ചുറഞ്ഞും
കുഴയുമീ നാളകളി, ലൊച്ചയുണ്ടാക്കാതെ -
യാതിരവരുന്നുവെന്നോ,  സഖീ ?
ആതിരവരന്നേരമൊരുമിച്ചു കൈകൾ  കോർ -
ത്തെതിരേൽക്കണം  നമുക്കിക്കുറി ; വരും കൊല്ല -
മാരെന്നു , മെന്തെന്നു, മാർക്കറിയാം !

എന്തു , നിൻമിഴിയിണ  തുളുമ്പിയെന്നോ , സഖീ ,
ചന്തം നിറയ്ക്കുകീ ശിഷ്ടദിനങ്ങിൽ . മടിയോളം
മിഴിനീർച്ചവർപ്പുപെടാതീ മധുപാത്ര -
മോന്തുക ; നർത്ത നിലാവിന്റെ -
യടിയിൽ തെളിയുമിരുൾ നോക്കു -
കിരുളിന്റയറകളിലെയോർമ്മകളെടുക്കുക.

ഇവിടെയെന്തോർമകളെന്നോ ,
നെറുകയിലിരുട്ടേന്തിപ്പാറാവു നിൽക്കുമീ
ബധിരമാം ബോധത്തിനപ്പുറം
ഓർമകൾ ഒന്നുമില്ലെന്നോ ? ഒന്നുമില്ലെന്നോ ?
പലനിറം കാച്ചിയ  വളകണിഞ്ഞുമഴിച്ചും ,
പലമുഖം കൊണ്ടുനാം തമ്മിലെതിരേറ്റും ,
നൊന്തും പരസ്പരം നോവിച്ചും , മൂപതി -
റ്റാണ്ടുകൾ  നീണ്ടൊരീയറിയാത്ത  വഴികളിൽ
ൌത്ര കെഴുത്ത ചവർപ്പു കുടിച്ചുറ്റിച്ച നാം
ഇത്തിരി ശാന്തിതൻ  ശർക്കരനുണയുവാൻ !

ഓർമകളുണ്ടയിരിക്കണം , ഒക്കെയും
വഴയോരകാഴ്ചകളായി
പിറകിലെക്കോടി മറഞ്ഞിരിക്കാം .
പാതിയിയിലെറെക്കടടന്നുവല്ലോ , വഴി .

ഓർമകളുണ്ടായിരിക്കണം ; ആല്ലെങ്കി -
ലാതിര വരുന്നുവെന്നെങ്ങനെയറിഞ്ഞു നാം ?
ഇത്തിരിക്കൂടെനടന്നവ , കണ്ണീരുറക്കെ -
ച്ചിരിച്ച കവിളുതുടിച്ചവ ,
ഏറെക്കരഞ്ഞു കൺപോള കനത്തവ ,
കെട്ടിപ്പുണർന്നു മുകർന്നവ
കുത്തിപ്പിളർന്നു

***NAVYAMOL***
***9A***

# നന്ദി

സാങ്കേതിക വിദ്യയുടെ കുതിച്ചു ചാട്ടത്തിൽ വിവര സാങ്കേതിക വിദ്യകൾ  നമ്മുടെ ജീവതത്തിൽ നിരന്തരം സ്വാധീനം ചെലുത്തുന്നു. കുട്ടികളുടെ സാങ്കേതിക വിദ്യയിലുള്ള കഴിവുകൾ വളർത്താൻ  കേരള വിദ്യാഭ്യാസ വകുപ്പ് ആരംഭിച്ച ലിറ്റിൽ കൈറ്റ്സിനും അതിന്റെ പരീശീലകർക്കും പ്രത്യകം നന്ദി അർപ്പിക്കുന്നു.

എഡിറ്റർ

സബിൻ സാജു.


ST.JOSEPH'S HIGH SCHOOL
ESTD : 1983
PULIKURUMBA
Edn.Dist : TALIPARAMBA



# LITTLE KITES

## DIGITAL MAGAZINE

## 2018

little KITEs

St. Joseph High School, Pulikurumba